# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/224/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/224/23 തീയ്യതി: 10/04/2023

# കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-01-2023 | 18-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 18-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ.ജി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.അനിൽകുമാർ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഷീജ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഹർഷ.എൽ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.രാജശേഖരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുനീഷ് കുമാർ. എസ് | സെക്രട്ടറി | 01-04-2021 | 27-06-2021 |
| ശ്രീ. ജയ് മോഹൻ | സെക്രട്ടറി | 28-06-2021 | 03-07-2021 |
| ശ്രീ. റ്റി.എഫ്. ജോസഫ് | സെക്രട്ടറി | 03-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.തസ്ലി ഷെരീഫ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ബിനു. എം | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.രജനി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.രഞ്ജു ടി യോഹന്നാൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.സീന. എസ് | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. അനീറ്റ ഗോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. പ്രീത് കുമാർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്റ്റെഫി. എ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. സീതാലക്ഷ്മി. റ്റി | ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ. വിഷ്ണു. ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സബീന.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 28-11-2021 |
| ശ്രീമതി. സുജി.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 29-11-2021 | 31-03-2022 |
| ശ്രീമതി.ഫെബിന എ.എൻ | അകർഡിറ്റഡ് എഞ്ചിനിയർ (NREGS) | 01-04-2021 | 07-10-2021 |
| Vaccant | Vaccant | 08-10-2021 | 04-11-2021 |
| ശ്രീ. അശാന്ത് | അകർഡിറ്റഡ് എഞ്ചിനിയർ (NREGS) | 05-11-2021 | 31-03-2022 |
| ശ്രീമതി. റാണി.എൽ.വി | അസി. സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീമതി. വി.ജെ. അന്നമ്മ | അസി. സെക്രട്ടറി | 14-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - ക്വട്ടേഷൻ നിരസിച്ചത് മൂലം പഞ്ചായത്തിന് തൻ വർഷം നഷ്ടം 150090/- രൂപ | 1-11 |
| 13 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു | 1-12 |
| 14 | മുൻവർഷത്തെ വാടക തുകയിൽ നിന്ന് 5% വർദ്ധനവ് വരുത്തിയിട്ടില്ല | 1-13 |
| 15 | വാടക തുകയുടെ കൂടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല | 1-13-1 |
| 16 | തുടർ സാക്ഷരതാ തുല്യതാപഠനം - നിർവ്വഹണം - അപാകതകൾ | 1-14 |
| 17 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു | 1-15 |
| 18 | ജൽ ജീവൻ മിഷൻ പദ്ധതി- ഗുണഭോക്തൃവിഹിതം കളക്ട് ചെയ്ത് തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-16 |
| 19 | ബഡ്സ് സ്ഥാപനങ്ങൾ - അടിസ്ഥാന സൗകര്യവികസനത്തിനായി കുടുംബശ്രീയിൽ നിന്ന് ലഭിച്ച തുക വിനിയോഗിച്ചില്ല | 1-17 |
| 20 | തെരുവുവിളക്ക പരിപാലനം-അടാട്ട് മോഡൽ അപാകതകൾ | 1-18 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-19 |
| 22 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം-QR Code ന്റെ പ്രിന്റിംഗ് ചാർജിനത്തിൽ അധികമായി തുക ഒടുക്കുവരുത്തി | 1-20 |
| 23 | കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൗസിലെ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് വേതനം നൽകുന്നത് അംഗീകരിക്കുന്നില്ല. | 1-21 |
| 24 | ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർക്ക് അധികം വേതനം നൽകിയത് അംഗീകരിക്കുന്നില്ല. | 1-22 |
| 25 | ബയോ കമ്പോസ്റ്റ് ബിൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| 26 | ഭൂജല പര്യവേഷണ റിപ്പോർട്ട് ഇല്ല - ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക തടസ്സപ്പെടുത്തുന്നു. | 1-24 |
| 27 | പൾസ് ഓക്സിമീറ്റർ - വിതരണവിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 28 | ക്യാമ്പയിൻ-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-26 |

| | | |
|---|---|---|
| 29 | സി.എഫ്.എൽ.റ്റി.സിയിലെ സാധന-സാമഗ്രികൾ സൂക്ഷിക്കുന്നതിന് വൻതുക വാടകനൽകുന്നു. | 1-27 |
| 30 | ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല. | 1-28 |
| 31 | അധികമായി നൽകിയ സ്കോളർഷിപ്പ് – ചെലവ് തുക നിരാകരിക്കുന്നു | 1-29 |
| 32 | മെയിന്റനൻസ് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കുന്നു | 1-30 |
| 33 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-31 |
| 34 | മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല, വാങ്ങുന്നതിനായി ചെലവഴിച്ച 216019/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-32 |
| 35 | ഒരേ പ്രവൃത്തി ബ്ളോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും നിർവഹണം | 1-33 |
| 36 | തൊഴിലുറപ്പ് പദ്ധതി പൊതു അപാകതകൾ | 1-34 |
| 37 | ഹാജർ രേഖപ്പെടുത്താത്ത മസ്റ്റർ റോൾ പ്രകാരം വേതനം. തുക തടസപ്പെടുത്തുന്നു. | 1-35 |
| 38 | അവിദഗ്ധ വിദഗ്ധ വേതനം ഒരു ദിവസം ഒരേ തൊഴിലാളിക്കു - ചെലവു തുക നിരാകരിക്കുന്നു. | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് വേതനം നൽകുന്നത് അംഗീകരിക്കുന്നില്ല. | 3-1 |
| 2 | അധികമായി നൽകിയ സ്കോളർഷിപ്പ് – ചെലവ് തുക നിരാകരിക്കുന്നു | 3-2 |
| 3 | ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർക്ക് അധികം വേതനം നൽകിയത് അംഗീകരിക്കുന്നില്ല. | 3-3 |
| 4 | തുടർ സാക്ഷരതാ തുല്യതാപഠനം - നിർവ്വഹണം - അപാകതകൾ | 3-4 |
| 5 | അവിദഗ്ദ വിദഗ്ദ വേതനം ഒരു ദിവസം ഒരേ തൊഴിലാളിക്കു - ചെലവു തുക നിരാകരിക്കുന്നു. | 3-5 |
| 6 | ബയോ കമ്പോസ്റ്റ് ബിൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19.2.2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് തീയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 30.04.22 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. മാർക്കറ്റ് വരവ് -രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 96200 | 96200 | - |
| എ.എഫ്.എസ് പ്രകാരം | 91300 | 91300 | - |

3. Capital Work In Progress ആയി എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത് 9,63,867/- ആണെന്നിരിക്കെ വാർഷിക ധനകാര്യ പത്രിക പ്രകാരം Capital Work In Progress ആയി രേഖപ്പെടുത്തിയിട്ടുള്ളത് 9,86,067/- /- രൂപയാണ്.
4. എസ്.ബി.റ്റി (സുനാമി) അക്കൗണ്ടിലെ നീക്കിയിരുപ്പ് 81,556/-രൂപയാണ്. ആയതിന്റെ ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
5. കൊല്ലം ഡി.സി.ബി(ദുരിതാശ്വാസം) അക്കൗണ്ടിലെ നീക്കിയിരുപ്പ് 2,643/-രൂപയാണ്. ആയതിന്റെ ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
6. ലൈഫ്-സ്റ്റേറ്റ്ഷെയർ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ലൈഫ് സ്റ്റേറ്റ് ഷെയർ | 600000 | 800000 | 1400000 | 1240000 | 160000 |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ലൈഫ്-സ്റ്റേറ്റ്ഷെയർ ഇനത്തിൽ വി.ഇ.ഒ യുടെ ചെലവ് 6,40,000/-രൂപ മാത്രമാണ്. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. ബഡ്സ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കിയ 2,00,000/- ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

7. ബനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ 9,63,142/- രൂപ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

8. വികസന ഫണ്ട്(ജനറൽ) ഇനത്തിൽ എ.സി.ആർ പ്രകാരമുള്ള ചെലവ് 21803259/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 21725859/- രൂപയാണ്. എ.സി.ആർ പ്രകാരമുള്ള 77400/- രൂപയുടെ അലോട്ട്മെന്റ് തൻവർഷം ചെലവായിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12247871/- രൂപ |
| വരവ് | 94543672/- രൂപ |
| ആകെ | 106791543/- രൂപ |
| ചെലവ് | 86890406/- രൂപ |
| നീക്കിയിരിപ്പ് | 19901137/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 324864/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6258805/- രൂപ |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ | കുറിപ്പ് ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 24677942 | 24677942 | 24056206 | 621736 | |

| | | | | | | |
|---|---|---|---|---|---|---|
| (ജനറൽ) | | | | | | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8800328 | 8800328 | 8248953 | 551375 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ബാങ്ക് | 0 | 4535763 | 4535763 | 3937871 | 597892 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ട്രഷറി | 0 | 1316694 | 1316694 | 1230770 | 85924 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ബാങ്ക് | 0 | 6719000 | 6719000 | 3732995 | 2986005 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ട്രഷറി | 0 | 3568402 | 3568402 | 2793334 | 775068 | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 10607032 | 10607032 | 4961462 | 5645570 | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 6418210 | 6418210 | 4783679 | 1634531 | |
| സംസ്ഥാനാവിഷ്കൃതം | | | | | | |
| റ്റി.എസ്.സി | 814677 | - | 814677 | 26068 | 788609 | |
| വിമുക്തി | 63683 | 13149 | 76832 | 76187 | 645 | |
| നിർമ്മൽ പുരസ്കാരം | 369 | - | 369 | - | 369 | |
| ശുചിത്വമിഷൻ | 1692914 | 160000 | 1852914 | 160000 | 1692914 | |
| കുടുംബശ്രീ-ബഡ്സ്സ്കൂൾ | 2,00,000 | - | 2,00,000 | - | 2,00,000 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 8200 | - | 8200 | - | 8200 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 600000 | 800000 | 1400000 | 1240000 | 160000 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐസിഡിഎസ് | -77182 | 972626 | 895444 | 895444 | 0 | |
| എംജിഎൻആർഇജിഎ | 104985 | 1201816 | 1306801 | 1306762 | 39 | |
| റ്റി.എസ്.സി | 2937026 | - | 2937026 | 1519888 | 1417138 | |
| എസ്.എസ്.എ | 300000 | - | 300000 | - | 300000 | |
| സുനാമി | 81556 | - | 81556 | - | 81556 | |
| ഐ.എ.വൈ | 800000 | - | 800000 | - | 800000 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 4461795/- | 113 | 2537869/- | 76 | 26 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 104985/- | 1201816/- | 1306801/- | 1306762/- | 39/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2613936/- | 2613936/- | 2613936/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 58320/- |
| കർഷകതൊഴിലാളി പെൻഷൻ | 1074100/- |
| വിധവാപെൻഷൻ | 18631300/- |
| വാർദ്ധക്യകാലപെൻഷൻ | 29112100/- |
| വികലാംഗപെൻഷൻ | 5675800/- |
| വിവാഹധനസഹായം | 360000/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 434400/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.23 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6529/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നു. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ആസ്തി രജിസ്റ്റർ ഇവ കാലികമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.22- 21.11.22 | 7/22 മുതൽ 9/22 വരെ | 05.01.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/08/2018 - 10/09/2018 | 2013-14 മുതൽ 2017-18 വരെ | 04.10.2018 |

## 1-11 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - ക്വട്ടേഷൻ നിരസിച്ചത് മൂലം പഞ്ചായത്തിന് തൻ വർഷം നഷ്ടം 150090/- രൂപ

പനയം ഗ്രാമപഞ്ചായത്തിലെ കണ്ടച്ചിറ മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് 2021-22 വർഷത്തേക്ക് പിരിക്കുന്നതിനുള്ള ലേലവകാശത്തിനായി 3 തവണ ലേലം നടത്തിയിട്ടും ആരും തന്നെ ലേലം വിളിക്കാതിരുന്നതിനാൽ തുടർന്ന് 20.04.21 തീയതിയിൽ ക്വട്ടേഷൻ വിളിക്കുകയും, ക്വട്ടേഷനിൽ ഏറ്റവും കൂടിയ നിരക്കായ 307000/- രൂപ രേഖപ്പെടുത്തിയ ശ്രീ. മനോജ്.എം എന്ന വ്യക്തി ലേലനിബന്ധന പ്രകാരമുള്ള തുക ഒടുക്കുന്നതിന് വിസമ്മതിച്ചതിനാൽ ക്വട്ടേഷനിൽ നിന്ന് പിന്മാറിയ സാഹചര്യത്തിൽ രണ്ടാമത്തെ ഉയർന്ന തുകയായ 250600/- രേഖപ്പെടുത്തിയ ശ്രീ. രാജീവ് എന്നയാൾ ലേല നിബന്ധന പ്രകാരമുള്ള തുക ഒടുക്കാൻ സമ്മതിക്കുകയും ടി തുക ഒടുക്കുകയും ചെയ്തു. എന്നാൽ കമ്മറ്റി ഐക്യകണ്ഠേന ടി ക്വട്ടേഷൻ നിരസിക്കുകയും പുതുക്കിയ തീയതിയിൽ ക്വട്ടേഷൻ വിളിക്കുന്നതിനും തീരുമാനിച്ചുവെന്ന് 22/04/21 തീയതിയിലെ 1(1)-ആം നമ്പർ കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേലം നിരസിച്ച സാഹചര്യത്തിൽ ടിയാൻ ഒടുക്കിയ ലേലത്തുക തിരികെ നല്കുകയും ചെയ്തു. തുടർന്ന് 30.07.21 തീയതിയിലെ 1(3)-ആം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം മാർക്കറ്റിന്റെ നടത്തിപ്പ് ചുമതല താൽക്കാലികമായി കുടുംബശ്രീയെ ഏൽപ്പിക്കുകയും ചെയ്തു. കുടുംബശ്രീക്കാരുമായി പഞ്ചായത്ത് 27.08.21 തീയതിയിൽ കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17/08/21 തീയതി മുതൽ കുടുംബശ്രീ അംഗങ്ങൾ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് തുടങ്ങുകയും 15/04/22 തീയതി വരെ നടത്തിപ്പ് ചുമതല ഏറ്റെടുക്കുകയും ചെയ്തു. ശ്രീ. രാജീവ് എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷൻ നിരസിച്ച് പകരം കുടുംബശ്രീയെ മാർക്കറ്റിന്റെ നടത്തിപ്പ് ചുമതല എൽപ്പിക്കാനുണ്ടായ സാഹചര്യത്തിനുള്ള കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ മേൽ വിവരിച്ച സാഹചര്യം തന്നെയാണ് മറുപടിയായി നല്കിയിട്ടുള്ളത്. ക്വട്ടേഷൻ നിരസിക്കാനുണ്ടായ കാരണം വ്യക്തമാകാത്ത സാഹചര്യത്തിൽ വ്യക്തമായ മറുപടി

ലഭ്യമാക്കേണ്ടതാണ്. തൻവർഷം മാർക്കറ്റ് ഗേറ്റ് ഫീസ് ഇനത്തിൽ പിരിഞ്ഞ് കിട്ടിയ തുക 100510/- രൂപയാണ്. ക്വട്ടേഷൻ നിരസിച്ചതു മൂലം പഞ്ചായത്തിന് തൻവർഷം വരവിനത്തിൽ ഉണ്ടായ നഷ്ടം 150090/- രൂപയാണ് . ക്വട്ടേഷനിൽ ഏറ്റവും കൂടിയ നിരക്കായ 307000/- രൂപ രേഖപ്പെടുത്തിയ ശ്രീ. മനോജ്.എം. എന്ന വ്യക്തി ലേലത്തിൽ പങ്കെടുക്കുന്നതിനായി ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ 5000/- രൂപ തിരികെ നല്കുകയും ചെയ്തിരിക്കുന്നു. ലേല നിബന്ധന തെറ്റിച്ച സാഹചര്യത്തിൽ ടിയാൻ ഒടുക്കിയ ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടണമെന്നിരിക്കെ ടിയാന് ഡെപ്പോസിറ്റ് തുക തിരികെ നല്കിയത് ലേല നിബന്ധനകൾക്കും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും എതിരാണ്.

## 1-12 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു

2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം: | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കണ്ടച്ചിറ ക്ഷീരോൽപ്പാദക സഹകരണ സംഘം | I , II |
| 2 | പനയം ക്ഷീരോൽപ്പാദക സഹകരണ സംഘം | I , II |
| 3 | പെരുമൺ ക്ഷീരോൽപ്പാദക സഹകരണ സംഘം | I , II |
| 4 | കള്ള് ഷാപ്പ് T.S No.32, ചെമ്മക്കാട് | I |

2) സ്ഥാപന തൊഴിൽ നികുതി

| ക്രമ നം: | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, പനയം | I |
| 2 | പനയം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I |
| 3 | ബി.എസ്.എൻ.എൽ, പെരിനാട് | I , II |
| 4 | പെരിനാട് ക്ഷീരോൽപ്പാദക സഹകരണ സംഘം | I , II |
| 5 | കണ്ടച്ചിറ ക്ഷീരോൽപ്പാദക സഹകരണ സംഘം | I , II |
| 6 | പനയം ക്ഷീരോൽപ്പാദക സഹകരണ സംഘം | I , II |
| 7 | പെരുമൺ ക്ഷീരോൽപ്പാദക സഹകരണ സംഘം | I , II |
| 8 | കള്ള് ഷാപ്പ് T.S No.32, ചെമ്മക്കാട് | I |

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

ഡിമാന്റ് ചെയ്ത് നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ്-19 മഹാമാരിയെ തുടർന്ന് തൻവർഷം ചെമ്മക്കാട് കള്ള് ഷാപ്പ് അടഞ്ഞു കിടന്നതിനാൽ ആണ് ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാൻ കഴിയാതിരുന്നതെന്നും, ക്ഷീര സഹകരണ സംഘങ്ങൾ, മാവേലി സ്റ്റോർ, പനയം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നെല്ലാം തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കാമെന്നും മറുപടി നല്കി. തൊഴിൽനികുതിയും, സ്ഥാപന തൊഴിൽനികുതിയും പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം: 21/16.01.23

### 1-12-1 തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ്

പനയം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇർഷാദിയ പബ്ലിക്ക് സ്കൂൾ, ചാത്തിനാംകുളം എന്ന സ്ഥാപനം 2021-22 സാമ്പത്തിക വർഷത്തിൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിൽ മുഴുവൻ ജീവനക്കാരുടെയും ആകെ തൊഴിൽ നികുതി 1170/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി തുക അടവാക്കിയ രസീത് വിവരങ്ങൾ പരിശോധിച്ചതിൽ 840/- രൂപ മാത്രമാണ് തൊഴിൽ നികുതി ഇനത്തിൽ ഒടുക്കിയിരിക്കുന്നത്. തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 330/- രൂപ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി. തുക കുറവായി ഈടാക്കാനുണ്ടായ സാഹചര്യം വിശദീകരിച്ചിട്ടില്ല. ആയത് പരിശോധിക്കേണ്ടതും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം രേഖാമൂലം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. മേൽ സ്ഥാപനത്തിൽ നിന്ന് കുറവ് വന്ന തുക പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തി

രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം: 21/16.01.23

## 1-13 മുൻവർഷത്തെ വാടക തുകയിൽ നിന്ന് 5% വർദ്ധനവ് വരുത്തിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടച്ചിറ മാർക്കറ്റിലെ 16-ആം നമ്പർ കടമുറി തൻവർഷം വാടകയ്ക്ക് എടുത്ത ശ്രീ. ജലാലുദ്ദീൻ, തെക്കേ പുത്തൻവീട്, പാമ്പാലിൽ എന്ന വ്യക്തിയിൽ നിന്ന് തൻവർഷം ഈടാക്കിയിരിക്കുന്ന മാസ വാടക തുക 585/- രൂപയാണ്. മുൻ വർഷം ഇത് 587/- രൂപയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തൻ വർഷം ഈടാക്കിയ മാസ വാടക (രൂപ) | തൻ വർഷം ഈടാക്കേണ്ടിയിരുന്ന മാസ വാടക (രൂപ) | തൻ വർഷം ഈടാക്കിയ ആകെ വാടക തുക (രൂപ) | തൻവർഷം ഈടാക്കേണ്ടിയിരുന്ന ആകെ വാടക തുക (രൂപ) | കുറവ് തുക (രൂപ) |
|---|---|---|---|---|
| 585/- | 616/- | 585*6 = 3510/- | 616*6 = 3696/- | 186/- |

മുൻ വർഷത്തെ വാടക തുകയുടെ 5% വർദ്ധനവ് തൻവർഷം വരുത്താതിരുന്നതിനുള്ള കാരണത്തിന് വിശദീകരണം നല്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക മേൽ വ്യക്തിയിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി മാറുന്നതാണ്.
ഓഡിറ്റ് എൻക്വയറി നം: 22/16.01.23

## 1-13-1 വാടക തുകയുടെ കൂടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടച്ചിറ ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന കടമുറികളുടെ തൻവർഷ മാസ വാടക തുകയിൽ നിന്ന് 18% ജി.എസ്.റ്റി ഈടാക്കിയിട്ടില്ലെന്ന് കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കടമുറി നം: | ഉടമസ്ഥന്റെ പേര് | മാസവാടക തുക(രൂപ) | തൻ വർഷത്തെ ആകെ വാടക തുക (രൂപ) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി തുക(18%) (രൂപ) |
|---|---|---|---|---|---|---|
| 1 | കണ്ടച്ചിറ | 1 | ജനറൽ മാനേജർ, കേരള സ്റ്റേറ്റ് സിവിൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് | 1281/- | 1281 X 12= 15372/- | 15372 X 18% = 2767/- |
| 2 | കണ്ടച്ചിറ4 | | നീതി മെഡിക്കൽ സ്, കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻലിമിറ്റഡ് | 591/- | 591 X 12= 7092/- | 7092 X 18%= 1277/- |
| ആകെ: | | | | | | 4044/- |

വാടക തുകയുടെ കൂടെ 18% ജി.എസ്.റ്റി ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.റ്റി ഇനത്തിൽ അടവാക്കേണ്ട തുക ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം: 22/16.01.23

## 1-14 തുടർ സാക്ഷരതാ തുല്യതാപഠനം - നിർവ്വഹണം - അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് നം/പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| ഹെഡ്മിസ്ട്രസ്സ് | 102/22; പത്താംതരം തുല്യതാ പരീക്ഷ | 66600/-; വികസനഫണ്ട് ജനറൽ | 66600/- ബിൽ നം:3/18.11.21 |
| | 108/22; പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ | 79220/-; വികസനഫണ്ട് ജനറൽ | 79220/-; ബിൽ നം:2/18.11.2 |

മേൽ പദ്ധതി പ്രകാരം പത്താതരം തുല്യതാ പഠനത്തിനായി 66600/- രൂപയും പത്രണ്ടാം തരം തുല്യതാ പഠനത്തിനായി 79220/- രൂപയും ചേർത്ത് ആകെ 145820/- രൂപ പഞ്ചായത്തിൽ നിന്ന് സാക്ഷരതാമിഷനിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. തുല്യതാപഠനത്തിന് അപേക്ഷിച്ചവരുടെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I) മറ്റ് പഞ്ചായത്തുകളിൽ നിന്നുള്ള പഠിതാക്കൾ തുല്യതാപഠനത്തിന് രജിസ്റ്റർ ചെയ്തിരിക്കുന്നു.

തുല്യതാപഠനത്തിന് രജിസ്റ്റർ ചെയ്തിരിക്കുന്ന താഴെ പറയുന്ന പഠിതാക്കൾ പനയം ഗ്രാമ പഞ്ചായത്തിൽ ഉള്ളവർ അല്ലെന്ന് രേഖകൾ പ്രകാരം ബോധ്യപ്പെട്ടു. പഠിതാക്കളുടെ പേര് വിവരങ്ങൾ ചുവടെ.

I) പത്താംതരം

1. നിർമല. എസ്, പുത്തൻ വീട്ടിൽ മേലതിൽ, മുക്കട്
2. അനിൽ. സി, പുലിപ്പാറ കിഴക്കേക്കര
3. അംജിത് നിഷ. എ, പുത്തൻ വീട്ടിൽ, പള്ളിമുക്ക്, പി.ഒ, കൊല്ലം
4. അരുൺ. സി, കൊച്ചുവീട്ടിൽ തൊടിയിൽ, കല്ലംതാഴം, കിളികൊല്ലൂർ, കൊല്ലം
5. ഗിരീഷ്. ജി, കാട്ടിൽ കിഴക്കതിൽ, ചാത്തിനാംകുളം, ചന്ദനത്തോപ്പ്, കൊല്ലം
6. ഷൈജു. എസ്, തെക്കേകോയിപ്പള്ളി വീട്, ചാത്തിനാംകുളം, ചന്ദനത്തോപ്പ്. പി. ഒ, കൊല്ലം
7. ആരതി. പി. എസ്, അതിരഭവൻ, കുറുമണ്ണ, മുഖത്തല. പി. ഒ, കൊല്ലം
8. സന്തോഷ്കുമാർ. ജി, കടയഴികത്ത് പടിഞ്ഞാറ്റതിൽ, കുരീപ്പുഴ, കൊല്ലം
9. രശ്മി. ആർ. ചന്ദ്രൻ, മന്ന ഭവൻ, കുരീപ്പുഴ, കൊല്ലം

II) പന്ത്രണ്ടാംതരം

1. അശ്വതി. കെ, രാഹുൽ ഭവനം, തൃക്കുന്നപ്പുഴ നോർത്ത്, കാക്കനാട്.പി.ഒ, കൊല്ലം
2. ജിഷ.എസ്.ജയൻ, ജയാ ഭവൻ, മുക്കട്, കൊല്ലം
3. പ്രേമചന്ദ്രൻ, തോട്ടത്തിൽ മേലതിൽ, മുളവന, കുണ്ടറ, കൊല്ലം
4. സലോമി വിൻസന്റ്, കുനംതറയിൽ, തൃപ്പെരുംതുറ. പി. ഒ, കൊല്ലം
5. ഷൈലജ. ജെ, ചെറുവാരക്കരവിള വീട്, മറവൂർ, ഈസ്റ്റ് കല്ലട, പി. ഒ, കൊല്ലം
6. സൂസൻ ചാക്കോ, മണിയാനംകുന്നിൽ വീട്, നെടുമ്പായിക്കുളം, കുണ്ടറ, കൊല്ലം
7. സിൽവി. ബി, മുസലുവിള പുത്തൻവീട്, മലയിൽ, കൊല്ലം
8. ജീന രാജ്, ചരുവിൽ കിഴക്കതിൽ, മുളവന, കൊല്ലം
9. സജിത. ജി, സജിതഭവനം, കൊറ്റൻകര, ചന്ദനത്തോപ്പ് പി.ഒ, കൊല്ലം
10. അജിത. എ. ജി, പായിപ്പിൽ വീട്, കിടപ്പുറം, പട്ടംതുരുത്ത്, മൺട്രോതുരുത്ത്
11. മേരി സുമ, തെക്കേ കടവിൽ ഹൗസ്, വെള്ളിമൺ, കൊല്ലം
12. ആരതി. പി. എസ്, അതിരഭവൻ, കുറുമണ്ണ, മുഖത്തല.പി.ഒ, കൊല്ലം
13. റജീന ബീവി. എസ്, പാറയ്ക്കൽ വടക്കതിൽ, കടവൂർ, പെരിനാട്. പി.ഒ, കൊല്ലം
14. സുബിൻ. എസ്, വയലിൽ പുത്തൻവീട്, നീരാവിൽ, പെരിനാട്. പി.ഒ, കൊല്ലം
15. ശ്യാം ഭദ്രൻ, കൊന്നയിൽ തെക്കതിൽ, ചിറയം, ഇഞ്ചവിള പി.ഒ, കൊല്ലം
16. മായ. എച്ച്, മായ ഭവൻ, മുക്കട്, കൊല്ലം

II) കൂടാതെ ഒരേ പഠിതാവ് പത്താംതരം, പന്ത്രണ്ടാംതരം തുല്യതാ പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്തിരിക്കുന്നതായും കാണുന്നു.

ശ്രീമതി ആരതി. പി.എസ്, ആതിര ഭവൻ, കുറുമണ്ണ, മുഖത്തല. പി. ഓ, കൊല്ലം എന്ന പഠിതാവ് ഒരേ സമയം പത്താംതരം തുല്യതാ പരീക്ഷയും (ആപ്ലിക്കേഷൻ നം: 368628/10.02.21), പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയും (ആപ്ലിക്കേഷൻ നം: 322905/12.02.21) രണ്ട് ദിവസത്തെ വ്യത്യാസത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്ന് രേഖകൾ പ്രകാരം ബോധ്യപ്പെട്ടു.

കൂടാതെ മേൽവിലാസം പ്രകാരം പനയം പഞ്ചായത്തിൽ അല്ല എന്ന് ബോധ്യമുള്ളവരുടെ ലിസ്റ്റ് ആണ് മുകളിൽ കൊടുത്തിരിക്കുന്നത്. എന്തെന്നാൽ മറ്റ് പഞ്ചായത്തിൽ ഉള്ളവരുടെ വീട്ടുപേരിനോട് ചേർത്ത് പനയം പഞ്ചായത്തിന്റെ പിൻകോഡ്/പോസ്റ്റ് ഓഫീസ് നൽകിയിരിക്കുന്ന മേൽവിലാസങ്ങളും രജിസ്ട്രേഷൻ രേഖകളിൽ കൊടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ രേഖകളിൽ നൽകിയിരിക്കുന്ന ഫോൺ നമ്പർ മുഖേന ബന്ധപ്പെട്ടപ്പോൾ പഠിതാക്കൾക്കു പകരം മേൽ പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള പ്രേരക്മാർ ആണ് സംസാരിച്ചത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ പദ്ധതിയുമായി ബന്ധപ്പെട്ട വിദ്യാർഥികളുടെ ലിസ്റ്റ് മാത്രമാണ് തുക പാസാക്കുന്ന സമയത്ത് പ്രേരക്മാർലഭ്യമാക്കിയതെന്നും, മുൻ വർഷങ്ങളിൽ ഹാജരാക്കിയ രേഖകളിൽ അപാകതകൾ കണ്ടെത്തിയിട്ടില്ലാത്തതിനാലും തൻ വർഷം ഹാജരാക്കിയ പഠിതാക്കളുടെ വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തിയിരുന്നില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കിയത്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പത്താംതരത്തിന്റെ ചെലവ് 11400/- രൂപയും പന്ത്രണ്ടാംതരം ചെലവ് 29000/- രൂപയും ചേർത്ത് 40400/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ പദ്ധതി നിർവഹണ അധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 29/17.1.23

നിരാകരിക്കുന്ന തുക 40400/- രൂപ

1-15 വിനിയോഗരേഖകൾ ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിനിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക/ ഫണ്ട് | ബിൽ നമ്പർ / വൗച്ചർ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 125/22 | കെ.എസ്.ഇ.ബി | 1057845/-ധനകാര്യകമ്മീഷൻ | XVFC/2021 | വിനിയോഗ |

| | | | | |
|---|---|---|---|---|
| സ്ട്രീറ്റ് മെയിൻ വലിക്കൽ | | ഗ്രാന്റ് | /22/P37, 23.03.22 | സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 16/22 ജീവനം ഡയാലിസിസ് പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം | സെക്രട്ടറി, ജില്ലാപഞ്ചായത്ത് | 200000/- (വികസന ഫണ്ട് ജനറൽ) | 14/21-22,29.07.21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 129/22 പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി | 298153/- (ധനകാര്യ കമ്മീഷൻ ഗ്രാൻഡ്) | XVFC/2021 /22/P43, 30.03.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 135/21-22 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-ഹോമിയോ ഡിസ്പെൻസറി-റീവയറിംഗ് | അസി.എക്സി.എഞ്ചിനിയർ, പി.ഡബ്ല്യു.ഡി | 227300/- (ധനകാര്യ കമ്മീഷൻ ഗ്രാൻഡ്) | 37/21-22,12.11.21 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 143/22 സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ.എസ്.ഇ.ബി | 277284/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 75/21-22,30.03.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 282/21-22 സ്ട്രീറ്റ് ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനുള്ള തുക | വാട്ടർ അതോറിറ്റി | 454000/-(വികസന ഫണ്ട് ജനറൽ) | 70/21-22,21.03.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 283/21-22 ഇൻസനറേറ്ററുകൾക്ക് ഇലക്ട്രിഫിക്കേഷൻ | കെ.എസ്.ഇ.ബി | 79,000/-(വികസന ഫണ്ട് ജനറൽ) | 72/21-22,21.03.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 192/21-22 ഐ.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ | | 109178/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 36/21-22,12.11.21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 233/21-22 14ാം വാർഡിൽ ട്യൂബ് വെ ൽ നിർമ്മാണം | വാട്ടർ അതോറിറ്റി | 32756/-വികസന ഫണ്ട് ജനറൽ<br>1435244/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 73/21-22,21.03.22<br>XVFC/2021 /22/P26, 07.02.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 235/21-22<br>14ാം വാർഡിൽ ട്യൂബ് വെ ൽ നിർമ്മാണം | വാട്ടർ അതോറിറ്റി | 800000/-അർബൻ അഗ്ലോമറേഷൻ ഫണ്ട് | അക്കൗണ്ട് ട്രാൻസ്ഫർ | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 238/21-22<br>ട്യൂബ് വെൽ മെയിന്റനൻസ് | വാട്ടർ അതോറിറ്റി | 60000/-(ധനകാര്യ കമ്മീഷൻ)<br>13500/-(തനത് ഫണ്ട്) | 13500-അക്കൗണ്ട് ട്രാൻസ്ഫർ<br>60000/-XVFC /2021/22/P2ർ, 05.02.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 239/21-22<br>നേതാജി സാംസ്കാരിക നിലയം വയറിംഗ് | പി.ഡബ്ല്യ.ഡി, ഇലക്ട്രിക്കൽ | 94200/-വികസന ഫണ്ട് ജനറൽ | 62/21-22, 02.03.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 202/21-22<br>പഞ്ചായത്ത് ഹാളിലേക്ക് വയറിംഗും നെറ്റ് വർക്കിംഗും | പി.ഡബ്ല്യ.ഡി, ഇലക്ട്രിക്കൽ | 320000/-വികസന ഫണ്ട് ജനറൽ | 71/21-22, 21.03.22 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| | | ആകെ - 54,58,460/- രൂപ | | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി 54,58,460/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ്എൻക്വയറിനം - 24/21-22,16.01.2022

തടസ്സപ്പെടുത്തിയ തുക - 54,58,460/- രൂപ

## 1-16 ജൽ ജീവൻ മിഷൻ പദ്ധതി- ഗുണഭോക്തൃവിഹിതം കളക്ട് ചെയ്ത് തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടെ കുടിവെള്ളം എത്തിക്കുന്നതിനായി ജൽ ജീവൻ മിഷൻ പദ്ധതിയില് ഉൾപ്പെടുത്തി പഞ്ചായത്തിൽ 600 ഭവനങ്ങളിൽ കുടിവെള്ള വിതരണത്തിനായി 75.78ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ പഞ്ചായത്തിന്റെ വിഹിതവും (11.367 ലക്ഷം) ഉപഭോക്തൃ വിഹിതവും (കണക്ഷൻ ഒന്നിന് 1263 രൂപ) ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 24.09.2020 ലെ KWA/PHC/Q/D3/2487/2019 കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എൻജിനിയർ അറിയിച്ചിരുന്നു. പനയം ഗ്രാമ പഞ്ചായത്ത് 2017-18, 2018-19 എന്നീ വാർഷിക പദ്ധതികളിലായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി വാട്ടർ അതോറിറ്റിയിൽ 4531000/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നതിൽ ടി പ്രവൃത്തി പൂർത്തീകരിച്ച ശേഷം 1450000/- രൂപ ബാക്കി നിൽക്കുന്നതായി അറിയിച്ചിട്ടുള്ളതിനാലും ജൽജീവൻ പദ്ധതിയ്ക്ക് തുക വകയിരുത്തുന്നതിനായി പഞ്ചായത്ത് ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ വാട്ടർ അതോറിറ്റിയിൽ ബാക്കി നിൽക്കുന്ന 1450000/- രൂപയിൽ ജൽ ജീവൻ പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതം 1136700/- രൂപ ജൽജീവൻ പദ്ധതിയിൽ വകയിരുത്തുന്നതിന് അനുമതി നൽകണമെന്നും ആയത് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി വരുത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ബഹു.സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനോട് 27.10.2020 ലെ 2(2) ാം തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതേ തുടർന്ന് 585 ഗുണഭോക്താക്കളിൽ നിന്ന് 1300/- രൂപ വീതം ആകെ 760500/- രൂപ കളക്ട് ചെയ്ത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.(നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്). എന്നാൽ ജൽജീവൻ പദ്ധതിയ്ക്കായി തുക കൈമാറുകയോ, ജൽജീവൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ടി പദ്ധതിയിൽ പേയ്മെന്റ് നടത്തുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്ന് വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല എന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ടി പദ്ധതി ഭേദഗതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ജൽജീവൻ പദ്ധതി ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾസ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര നടപടി

ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ്എൻക്വയറിനം- 18/21-22 / 16.01.2022

## 1-17 ബഡ്സ് സ്ഥാപനങ്ങൾ - അടിസ്ഥാന സൗകര്യവികസനത്തിനായി കുടുംബശ്രീയിൽ നിന്ന് ലഭിച്ച തുക വിനിയോഗിച്ചില്ല

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്ക് മാനസിക വികാസം സാധ്യമാക്കുന്നതിനും തുടർ പരിശീലനങ്ങളും കരുതലും ഉറപ്പ് വരുത്തുന്നതിനും കുടുംബശ്രീയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി ആരംഭിച്ച ബഡ്സ് സ്കൂളുകളിലൂടെ പരിശീലനാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം, ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനായി ടി ബഡ്സ് സാഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുതിനായി 16.02.2021 ലെ 392/L/2008/KSHO സർക്കുലർ പ്രകാരം കുടുംബശ്രീമിഷനിൽ നിന്ന് ഗ്രാമപഞ്ചായത്തിന് 2,00,000/- അനുവദിച്ചു. മേൽ സർക്കുലറിലെ മാർഗനിർദ്ദേശങ്ങൽ അനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾക്കു തുക വിനിയോഗിക്കാവുന്നതാണ്.

1. സ്മാർട് ക്ലാസ് റൂമുകൾ ഒരുക്കുന്നതിന് മുൻഗണന നൽകേണ്ടതും സ്മാർട്ട് ക്ലാസ്റൂം ഒരുക്കിയതിന് ശേഷം ബാക്കിവരുന്ന തുക തെറാപ്യൂട്ടിക് ഉപകരണങ്ങൾ, ഫർണ്ണിച്ചർ, സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കാവശ്യമായ വിനോദ ഉപാധികൾ എന്നിവ വാങ്ങുന്നതിനും സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

2. നിലവിൽ സ്മാർട് ക്ലാസ് റൂമുകൾ ഉള്ള സ്ഥാപനം ആണെങ്കിൽ, സാമൂഹ്യവികസനം എ.ഡി.എം.സി യുടെയും, ജില്ലാ പ്രോഗ്രാം മാനേജരുടേയും നേതൃത്വത്തിൽ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മുകളിൽ പറഞ്ഞിരിക്കുന്നവയിൽ ഏറ്റവും അത്യാവശ്യമായ അടിസ്ഥാന സൗകര്യവികസനത്തിനായി തുക ചെലവഴിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിരദ്ദേശം നൽകേണ്ടതാണ്.

പനയം പഞ്ചായത്തിന് അനുവദിച്ച 2,00,000/-രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പല പഞ്ചായത്തുകളും ഭാഗീകമായും പൂർണ്ണമായും തുക വിനിയാഗിച്ചിട്ടില്ല എന്നുള്ളത് ജില്ലാമിഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും, ടി തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് പലിശ ഉൾപ്പടെ തിരിച്ച് വാങ്ങേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും, ആയതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടി കൈക്കൊണ്ട് തുക ചെലവഴിച്ച് ജനവരിമാസം വിനിയോഗ സാക്ഷ്യപത്രം ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണെന്ന് 05.12.22 ലെ 1350/K2 /22/KSKLM കത്ത് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം നടന്നു വരികയാണെന്നും പ്രോജക്ട് ഭേദഗതിയിൽ ഉൾപ്പെടുത്തി തുക വിനിയോഗിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക സർക്കുലർ നിർദ്ദേശ പ്രകാരമുള്ള കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ്എൻക്വയറിനം- 19/21-22 / 17.01.2022

## 1-18 തെരുവുവിളക്കു പരിപാലനം-അടാട്ട് മോഡൽ അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തെരുവുവിളക്കു പരിപാലനം-അടാട്ട് മോഡൽ- ഇനത്തിൽ 2 പദ്ധതികളാണ് നടപ്പിലാക്കിയത്.വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പദ്ധതി,നം (1) | 6/21-22, തെരുവുവിളക്ക് പരിപാലനം-അടാട്ട് മോഡൽ 21-22<br>അടങ്കൽ : 682522/-<br>( ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>ചെലവ് : 238785/-<br>( ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>XVFC/2021-22/P1/6.9.21-112617/-<br>XVFC/2021-22/P23/4.2.22-126168/- |
| പദ്ധതി,നം (2) | 148/21-22, തെരുവുവിളക്കു പരിപാലനം - അടാട്ട് മോഡൽ 20-21 (Spill Over)<br>അടങ്കൽ : 545920/- (വികസന ഫണ്ട് ജനറൽ)<br>ചെലവ് : 545920/- (ബിൽ നമ്പർ. 10/21-22, 28.06.21-314495/- 53/21-22, 25.01.22-231425/-) |

സ്പിൽ ഓവർ പദ്ധതിയായ 148/21-22 പദ്ധതി പ്രകാരം വണ്ടി വാടക ഇനത്തിൽ 77,000/- രൂപയും തൊഴിലാളിയ്ക്കുള്ള വേതനമിനത്തിൽ 172500/- രൂപയും തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 296420/- രൂപയും ഉൾപ്പടെ ആകെ 545920/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, തൻവർഷ പദ്ധതിയായ 6/21-22 പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 238785/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അടാട്ട് മാതൃകയിലെ പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു.

1) തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

3) തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററിൽ മെയിന്റനൻസ് നടത്തേണ്ട തെരുവ് വിളക്കുകളുടെ പോസ്റ്റ് നം രേഖപ്പെടുത്തുന്നുണ്ടെങ്കിലും അറ്റകുറ്റപ്പണി നടത്തിയ തീയതിയോ ഇലക്ട്രീഷ്യന്റെ ഒപ്പോ നോഡൽ ഓഫീസറുടെ ഒപ്പോ ഇല്ല.

4) മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത തീയതിയോ വിതരണം ചെയ്ത തീയതിയോ രേഖപ്പെടുത്തുന്നില്ല. വിതരണം ചെയ്തവയുടെ എണ്ണവും കൈപ്പറ്റിയവരുടെ ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ പെർഫോമൻസ് ഗ്യാരന്റി ആവശ്യപ്പെടണമെന്നും ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല.

5) പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവ് നമ്പർ. ജി2-44274/2015 പ്രകാരം കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എന്നാൽ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിക്കാതെ ദിവസം 1000/-രൂപ നിശ്ചയിച്ചാണ് മേൽ പദ്ധതി പ്രകാരം വണ്ടി വാടക നൽകിയിട്ടുള്ളത്.

മേൽ അപാകതകൾ പരിഹരിച്ച് സുതാര്യമായ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്. പ്രസ്തുത വിഷയങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സൂചിത അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം – 25/17.01.2022

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 60 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി കൊല്ലം കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 8/21-22 | 9/21-22; 30.11.2021 | 1,87,500/- |
| | 16/21-22,28.11.21 | 1,87,500/- |
| | ആകെ | 3,75,000/- |

ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, 6,250/-രൂപ സബ്സിഡി അവസാനിക്കുന്നതു വരെയോ തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെരുമൺ,പെരിനാട്,ചോനംചിറ എന്നീ ക്ഷീരസംഘങ്ങളെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.09.21 ലെ 2 (3) നം. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ വിതരണം ഏൽപ്പിക്കുകയും ചെയ്തു. 375000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

മൃഗാശുപത്രിയിൽ സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്റർ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ പദ്ധതിക്ക് തുക വകയിരുത്തി ഒടുക്കുവരുത്തിയതിന്റെ അടിസ്ഥാനവും വ്യക്തമല്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 3,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം -29/17.01.2022

## 1-20 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം-QR Code ന്റെ പ്രിന്റിംഗ് ചാർജിനത്തിൽ അധികമായി തുക ഒടുക്കുവരുത്തി

ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം. കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ ഹരിത കേരള മിഷൻ, ശുചിത്വമിഷൻ എന്നിവ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം , 258/21-22 |
| അടങ്കൽ | 204900/- (ധനകാര്യ കമ്മീഷൻ) |
| ചെലവ് | 247600/- |
| | |

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനത്തിനാവശ്യമായി 13,000/- QR Code ന്റെ പ്രിന്റിംഗ് ചാർജിനത്തിൽ 12,000/- രൂപ (CGST, SGST എന്നിവ ഉൾപ്പടെ) കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയിസ് നമ്പർ. SGMS-A/2024/21-22, 16.03.2022 പ്രകാരം ഒടുക്കവരുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 7200ആണെന്നും QR Codeന്റെ എണ്ണം 7200 ലേക്ക് മാറ്റണമെന്നും ഗ്രാമപഞ്ചായത്ത് 12.01.2023 ൽ ഇ-മെയിൽ മുഖാന്തിരം കെൽട്രോണിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ QR Code ന്റെ പ്രിന്റിംഗ് ചാർജിനത്തിൽ 5800 എണ്ണത്തിനായി (13000-7200) അധികം ഒടുക്കവരുത്തിയ തുക തിരികെ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും വിരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 24/21-22 / 17.01.2022

## 1-21 കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൗസിലെ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് വേതനം നൽകുന്നത് അംഗീകരിക്കുന്നില്ല.

കേരള വാട്ടർ അതോറിറ്റി, പിഎച്ച്. ഡിവിഷൻ, കൊല്ലത്തിന്റെ ഉടമസ്ഥതയിലുള്ള ഗ്രാമപഞ്ചായത്തിലെ 2-വാർഡിലെ പെരുമൺ പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്ററായ ശ്രീ. അനിൽ കുമാറിന് ഗ്രാമപഞ്ചായത്ത് വേതനം നൽകി വരുന്നു. ടിയാൾ ചെയ്യുന്ന ജോലി സമയത്തിന്റെ അടിസ്ഥാനത്തിൽ വേതനം നിശ്ചയിക്കുന്നതും, സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ച് അംഗീകരിക്കുന്നതും അസി.എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റിയാണ്. പമ്പ് ഹൌസിലെ കറണ്ട് ബില്ല് തുക ഒടുക്കുന്നതും, ഉണഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്നതും കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ആയതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് വേതനം നൽകുന്നത് അംഗീകരിക്കാവുന്നതല്ല. 2021-22 വർഷത്തിൽ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | നൽകിയ വേതനം (രൂപ) | ചെക്ക് നം /തിയതി |
|---|---|---|
| 3/21 | 12994/- | 2835378/12.4.21 |
| 4/21 | 12932/- | 015015/19.5.21 |
| 5/21 | 12870/- | 015036/15.6.21 |
| 6/21 | 12994/- | 015049/19.7.21 |
| 7/21 | 13798/- | 174020/6.8.21 |
| 8/21 | 13365/- | 015350/7.9.21 |
| 9/21 | 12994/- | 4429298/7.10.21 |
| 10/21 | 13241/- | 6318603/5.11.21 |
| 11/21 | 13736/- | 6318614/9.12.21 |
| 12/21 | 14726/- | 016208/7.1.22 |
| 1/22 | 12746/- | 6318625/7.2.22 |
| 2/22 | 12128/- | 013331/16.3.22 |
| | Total-158524/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുഴൽ കിണറിന് സ്ഥലം വിട്ട് കൊടുത്ത ശ്രീ. അനിൽ കുമാറിനെ പമ്പ് ഓപ്പറേറ്ററായി നിയമിച്ചിട്ടുള്ളതും, ടിയാളുടെ വേതനം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി വിസമ്മതിച്ചതിനാൽ 2.1.18-ലെ 2(1)-നമ്പർ പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ് എന്നും വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. 2007 ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന ഏതൊരു നടപടിക്കും, ആ കമ്മിറ്റിയിലെ ഓരോ അംഗവും പ്രസ്തുത തീരുമാനങ്ങൾക്കും നടപടികൾക്കും കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദിയായിരിക്കുന്നതാണ്. ചട്ടം 7(2) പ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് ആവശ്യമായ ഉപദേശം നൽകാൻ ബാധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥൻ മതിയായ കാരണങ്ങളില്ലാതെ അപ്രകാരം ഉപദേശം നൽകാതിരുന്നതുകൊണ്ടോ, തെറ്റായ ഉപദേശം നൽകിയതുകൊണ്ടോ ഉണ്ടായ തെറ്റായ തീരുമാനങ്ങൾക്കും നടപടികൾക്കും കഷ്ടനഷ്ടങ്ങൾക്കും അംഗങ്ങൾക്ക് പുറമേ പ്രസ്തുത ഉദ്യോഗസ്ഥൻകൂടി ഉത്തരവാദിയായിരിക്കുന്നതാണ്. ടി ചട്ടങ്ങൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ ജീവനക്കാരന് 2021-22 വർഷത്തിൽ വേതനമിനത്തിൽ നൽകിയ 158524/-രൂപ തെറ്റായ തീരുമാനം കൈക്കൊണ്ട 02.01.2018 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾക്കും പേയ്മെന്റ് നൽകിയ സെക്രട്ടറിമാരിൽനിന്നും തുല്യമായി ഈടാക്കി തനതുഫണ്ടിൽ ഒടുക്കവരുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 16/16.1.23

നിരാകരണം - 158524/- രൂപ

1-22 ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർക്ക് അധികം വേതനം നൽകിയത് അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അധിനതയിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ അറ്റൻഡർ, കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് വേതനംനൽകുന്നു. കാഷ്വൽ സ്വീപ്പറായ ശ്രീമതി.രാധാമണിക്ക് 6000/- രൂപയും, ജോലി ചെയ്യുന്ന ഓരോ ദിവസവും 150/- രൂപ അധികനിരക്കിലും വേതനം നൽകി വരുന്നു. G.O(P)NO.27/21/FIN,dt.11.2.21 എന്ന സർക്കാർ ഉത്തരവ് പ്രകാരം 1.3.21 മുതൽ കാഷ്വൽ സ്വീപ്പറുടെ വേതനം 8000/-രൂപയാണ്. 2021-22 വർഷത്തിൽ അധികം നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | നൽകിയ വേതനം (രൂപ) | നൽകേണ്ട വേതനം (രൂപ) | അധികംനൽകിയ വേതനം (രൂപ) | ചെക്ക് നം /തിയതി |
|---|---|---|---|---|
| 3/21 | 10050/- | 8000/- | 2050/- | 03850/3.4.21 |
| 4/21 | 9900/- | 8000/- | 1900/- | 2835379/2.5.21 |
| 5/21 | 9100/- | 8000/- | 1100/- | 4725623/1.6.21 |
| 6/21 | 9900/- | 8000/- | 1900/- | 4725633/1.7.21 |
| 7/21 | 10050/- | 8000/- | 2050/- | 4725640/6.8.21 |
| 8/21 | 9900/- | 8000/- | 1900/- | 015340/1.9.21 |
| 9/21 | 9900/- | 8000/- | 1900/- | 4429296/1.10.21 |
| 10/21 | 9450/- | 8000/- | 1450/- | 631860/1.11.21 |
| 11/21 | 9900/- | 8000/- | 1900/- | 6318609/1.12.21 |
| 12/21 | 10050/- | 8000/- | 2050/- | 6318618/1.1.22 |
| 1/22 | 9900/- | 8000/- | 1900/- | 6318624/2.2.22 |
| 2/22 | 9600/- | 8000/- | 1600/- | 061245/4.3.22 |
| | Total- | | 21700/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 09.12.2019 ലെ 43-ാം കമ്മിറ്റി തീരുമാനപ്രകാരം ഹോമിയോ ഡിസ്പെൻസറിയിൽ ഒ.പി. കൌണ്ടർ ആരംഭിക്കുന്നതിനും, താല്ക്കാലിക പി.റ്റി.എസ് ആയ ശ്രീമതി. രാധാമണിക്ക് 150/- രൂപ നിരക്കിൽ അധികവേതനം നൽകി ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തന സമയം 9AM മുതൽ 2PM വരെയാണെന്നിരിക്കെ കാഷ്വൽ സ്വീപ്പറിന്റെയും പ്രവർത്തനസമയം ഇതുതന്നെയായതിനാലും, ഓ.പി.ടിക്കറ്റ് നൽകുന്നത് അറ്റൻഡറുടെ ചുമതലയായതിനാലും കാഷ്വൽ സ്വീപ്പറിന് വേതനമിനത്തിൽ അധികം നൽകിയ 21700/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 5/ 16.1.23

നിരാകരണം - 21700/- രൂപ

1-23 ബയോ കമ്പോസ്റ്റ് ബിൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2021-22 വർഷത്തിൽ വി.ഇ.ഒ (പനയം സർക്കിൾ-1) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിൽ വരുത്തിയ പദ്ധതിയാണ് ബയോ കമ്പോസ്റ്റ് ബിൻ പദ്ധതി. 1120 ഗുണഭോക്താക്കൾക്ക് 1800/- രൂപ നിരക്കിൽ 2016000/- രൂപ ചെലവഴിക്കുന്നതാണ് ടി പദ്ധതി.

പ്രോജക്റ്റ് നം - S0137/22

അടങ്കൽ തുക - 2016000/- രൂപ

ഗുണഭോക്തൃവിഹിതം - 201600/- രൂപ

ചെലവ് തുക - 1814400/- രൂപ

ഐ.ആർ.ടി.സിക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ .

| ക്രമനം | തുക(രൂപ) | ചെക്ക് /ബിൽ നം |
|---|---|---|
| 1. | 356400/-(കേന്ദ്രാവിഷ്കൃത പരിപാടി) | 873706/31.3.22 |
| 2. | 400000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 12/5.1.22 |
| 3. | 435200/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 19/21.1.22 |
| 4. | 622800/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 22/15.2.22 |
| | 1814400/- | |

ബയോ കമ്പോസ്റ്റ് ബിൻ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ .

| ഇൻവോയ്സ് നം | എണ്ണം | നിരക്ക് (ഉൾപ്പെടെ) | ആകെതുക(രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| B2B179/12.1.22 | 1120 | 1800/- | 2016000/- |

അപാകതകൾ

1) ഗുണഭോക്താക്കളുടെ ആവശ്യകത കണ്ടെത്തി ഗുണഭോക്തൃവിഹിതം ഈടാക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ്, കേന്ദ്രാവിഷ്കൃത ഗ്രാന്റ്, എന്നിവയിനത്തിൽ 1814400/- രൂപ ഐ.ആർ.ടി.സിക്ക് നൽകി. ഗുണഭോക്തൃവിഹിതമിനത്തിലുള്ള 2016200/- രൂപ ഐ.ആർ.ടി.സിയിൽ ഒടുക്കാതെ, ടി സ്ഥാപനം ബയോബിന്നുകൾ ഗ്രാമപഞ്ചായത്തിന് നൽകി.

2) ബയോ കമ്പോസ്റ്റ് ബിൻ വാങ്ങിയവർ ഗുണഭോക്തൃവിഹിതം നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ 1094 പേർ മാത്രമേ ബയോ കമ്പോസ്റ്റ് ബിൻ നാളിതുവരെ വാങ്ങിയിട്ടുള്ളൂ. ശേഷിക്കുന്ന 26 എണ്ണം ബയോ കമ്പോസ്റ്റ് ബിൻ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വിഭാഗം നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

3) ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയോ, ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബയോ കമ്പോസ്റ്റ് ബിൻ പദ്ധതിക്ക് ഗ്രാമസഭയിൽ നിന്നും പര്യാപ്തമായ അപേക്ഷകൾ ലഭിച്ചിരുന്നില്ലെന്നും, ധനകാര്യ കമ്മീഷൻ ഗ്രാന്റ് വർഷാവസാനം ലഭിച്ചിരുന്നതിനാലും ഗുണഭോക്താക്കളെ കാലേകൂട്ടി കണ്ടെത്താനും ഗുണഭോക്തൃവിഹിതം ഈടാക്കാനും കഴിഞ്ഞിരുന്നില്ല. ഹരിതകർമ്മ സേനയെ ഉപയോഗിച്ച് കണ്ടെത്തിയ 1094 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റ് ബിൻ നൽകിയ നടപടി 21.12.22ലെ 50(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതും, അടുത്ത ഗ്രാമസഭയോഗത്തിൽ ടി തീരുമാനത്തിന് അംഗീകാരം വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും കുറവ് വന്ന ബയോ കമ്പോസ്റ്റ് ബിൻ ഉടൻതന്നെ ലഭ്യമാക്കാമെന്ന ഐ.ആർ.ടി.സിയുടെ ഇ-മെയിൽ സന്ദേശം ലഭിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഐ.ആർ.ടി.സിയുടെ ഇ-മെയിൽ സന്ദേശത്തിൽ കേടുപാടുവന്ന ബയോ കമ്പോസ്റ്റ് ബിന്നിന്റെ എണ്ണം സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ലഭ്യമാക്കാനുള്ളതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതം കിഴിച്ചുള്ള 26 ബയോ കമ്പോസ്റ്റ് ബിൻ വാങ്ങിയ ഇനത്തിലുള്ള 42120/- രൂപ (1620 X 26) നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 1120 ബയോ കമ്പോസ്റ്റ് ബിൻ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങളും, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറിനം. 7/16.1.23
നിരാകരിച്ച തുക – 42120/- രൂപ

## 1-24 ഭൂജല പര്യവേഷണ റിപ്പോർട്ട് ഇല്ല - ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താന്നിക്കമുക്ക്, കണ്ടച്ചിറ എന്നീ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഭൂജല പര്യവേഷണ ചാർജ്ജായി 1935/- രൂപ നിരക്കിൽ രണ്ടെണ്ണത്തിന് 3870/-രൂപ (ചെക്ക് നം-015376/12.10.21) ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കി. ഗ്രൌണ്ട് വാട്ടർ അതോറിറ്റി പര്യവേഷണം നടത്തി കുഴൽകിണർ നിർമ്മിച്ചിട്ടില്ല. ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുടെ പര്യവേഷണ റിപ്പോർട്ട്, കുഴൽകിണർ നിർമ്മിക്കാതിരുന്നതിന്റെ സാഹചര്യം എന്നിവ രേഖാമൂലം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എം.എൽ.എയുടെ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് താന്നിക്കമുക്ക്, കണ്ടച്ചിറ എന്നീ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതാണെന്ന മറുപടിയാണ് ഹാജരാക്കിയത്. ടി സ്ഥലങ്ങളിൽ ഭൂജല പര്യവേഷണത്തിനായി ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയെങ്കിലും ആയത് നടത്തിയിട്ടില്ലാത്തതിനാൽ 3870/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. താന്നിക്കമുക്ക്, കണ്ടച്ചിറ എന്നീ സ്ഥലങ്ങളിൽ ഭൂജല പരിവേഷണം നടത്തിയ ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുടെ പര്യവേഷണറിപ്പോർട്ടും, കുഴൽകിണർ നിർമ്മാണത്തിന്റെ തുടർ നടപടിവിവരവും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 8/ 16.1.23
തടസ്സം - 3870/- രൂപ

## 1-25 പൾസ് ഓക്സിമീറ്റർ - വിതരണവിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ തനത് ഫണ്ട് വൌച്ചർ പ്രകാരം കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയും പ്രകാരം പൾസ് ഓക്സിമീറ്റർ വാങ്ങി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | എണ്ണം | നിരക്ക് | ആകെ തുക (രൂപ) | ചെക്ക് നം. |
|---|---|---|---|---|
| M.S. Distributers, Thevally. | 15 | 943.45 | 16500/-(12% G.S.T ഉൾപ്പടെ) | 013863/ 2.5.21 |
| Dime Security Solutions Ayur. | 50 | 982.14 | 55000/-(12% G.S.T ഉൾപ്പടെ) | 015014/ 14.5.21 |
| Total- | 65 | | 71500/- | |

മേൽ പൾസ് ഓക്സിമീറ്റർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും,ഉപയോഗത്തിന് ശേഷം തിരികെ ലഭ്യമാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ പൾസ് ഓക്സിമീറ്റർ വാങ്ങിയ 71500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൾസ് ഓക്സിമീറ്റർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും, നിലവിലെ സ്ഥിതിവിവരവും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം. 6 /16.1.23

## 1-26 ക്യാമ്പയിൻ-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ ആഫ്രിക്കൻ ഒച്ചിന്റെ നിവാരണവുമായി ബന്ധപ്പെട്ട് ക്യാമ്പയിൻ നടത്തുന്നതിനായി കൃഷി ഓഫീസർക്ക് 3000/-രൂപ (ചെക്കു നം- 015888/17.12.21) നൽകി. ആയതിന്റെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ 3000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 13 / 16.1.23

തടസ്സം - 3000/- രൂപ

## 1-27 സി.എഫ്.എൽ.റ്റി.സിയിലെ സാധന-സാമഗ്രികൾ സൂക്ഷിക്കുന്നതിന് വൻതുക വാടകനൽകുന്നു.

കോവിഡ് പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി പെരുമൺ എഞ്ചിനിയറിംഗ് കോളേജിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സി.എഫ്.എൽ.റ്റി.സിയിലെ സാധന-സാമഗ്രികൾ കോളേജിൽ പഠനം ആരംഭിച്ചതിനെ തുടർന്ന് 19.11.21- തിയതിയിൽ ശ്രീ. മനോജ്, ശ്രീമതി. രശ്മി എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റി. 12/21 കാലയളവ് മുതൽ നാളിതുവരെ 11444/- രൂപ പ്രതിമാസ നിരക്കിൽ വാടക നൽകി കൊണ്ടിരിക്കുന്നു. ഉപയോഗിക്കാതെ കിടക്കുന്ന ടി സാധന-സാമഗ്രികൾ ബന്ധപ്പെട്ട അധികാരികളുടെ അനുവാദത്തോടെ ലേലംചെയ്യുകയോ, ഗ്രാമപഞ്ചായത്തിന്റെ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നൽകുകയോ ചെയ്യാതെ വൻതുക പ്രതിമാസ വാടകയിനത്തിൽ നൽകുന്നതിന് രേഖാമൂലം വിശദീകരണവും, നാളിതുവരെ സ്വീകരിച്ച തുടർനടപടിവിവരവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒഡിറ്റ് എൻക്വയറിക്ക് 26.10.22 ലെ 6(1) നമ്പർ തീരുമാനപ്രകാരം സി.എഫ്.എൽ.റ്റി.സിയിലെ സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഗോഡൌണിന്റെ വാടക സാമ്പത്തിയ ബാദ്ധ്യതയുണ്ടാക്കുമെന്നും, ആയതിനാൽ ടി സാധന-സാമഗ്രികൾ ലേലം ചെയ്ത് കൈയൊഴിയുന്നതിന് അനുമതി നൽകണമെന്നും ബഹു. പഞ്ചായത്ത് ഡയറക്ടറോട് 15.11.2022 തിയതിലെ എസ്.സി-1-577/22-ാം നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്. വ്യക്തമായ ഉത്തരവ് ലഭിക്കാത്ത സാഹചര്യത്തിലാണ് മറ്റ് നടപടികൾ സ്വീകരിക്കാത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഉപയോഗിക്കാതെ കിടക്കുന്ന ടി സാധന-സാമഗ്രികൾ നശിച്ചുപോകാതെ ബന്ധപ്പെട്ട അധികാരികളുടെ അനുവാദത്തോടെ ലേലംചെയ്യുകയോ, ഗ്രാമപഞ്ചായത്തിന്റെ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നൽകുകയോ ചെയ്യേണ്ടതാണ്.

എൻക്വയറി നം. 14 / 16.1.23

## 1-28 ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല.

1) ലൈഫ് ഭവനപദ്ധതി (ജനറൽ)

പ്രോജക്ട് നം - S0103/22

അടങ്കൽതുക - 19200000/- (വികസനഫണ്ട്(ജനറൽ)-3730000, സംസ്ഥാനാവിഷ്കൃത ഫണ്ട്- 3200000, ബ്ലോക്ക് വിഹിതം- 2615000, ജില്ലാവിഹിതം-2615000, മറ്റുള്ളവ-7040000 )

ചെലവ് - 4600000/- (വികസനഫണ്ട് (ജനറൽ)-3400000, ജില്ലാവിഹിതം-1200000)

നിർവ്വഹണം - വി.ഇ.ഒ (സർക്കിൾ-1)

2020-21 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി ആരംഭിക്കാത്ത ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയതുക(രൂപ) | ബിൽ നം തിയതി |
|---|---|---|
| ശ്രീമതി. സുജ. വി. ആർ.<br>ഷീജ മന്ദിരം (വാർഡ്-6) | 40000/- | 5/18.11.21 |

2) ലൈഫ് ഭവനപദ്ധതി (എസ്.സി)

പ്രോജക്ട് നം - S0221/22

അടങ്കൽ തുക – 9326773/-(ഹഡ്കോ ലോൺ)

ചെലവ് - 280000/-

നിർവ്വഹണം - വി.ഇ.ഒ(സർക്കിൾ-2)

2018-19 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി ആരംഭിക്കാത്ത ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയതുക (രൂപ) | ബിൽ നം./ തിയതി |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. ഹേമ ചവരിക്കതാഴത്തിൽ ചാത്തനാംകുളം. | 40000/- | Rs.20000/- (1973802/13.10.21) Rs.20000/- (873691//13.10.21) |

ആദ്യഗഡു കൈപ്പറ്റിയിട്ട് വീട്ടുപണി ആരംഭിക്കാത്തതിന് രേഖാമൂലം വിശദീകരണവും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നളിതുവരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കളെ നിരവധി തവണ നേരിട്ടും, കത്ത് മുഖനേയും ബന്ധപ്പെട്ടിട്ടും ഇവരുടെ നിസഹായ അവസ്ഥയാണ് അറിയിച്ചിരുന്നത്. എന്നാൽ 17.1.23- തിയതിയിൽ ഇവർ നേരിട്ട് ഹാജരാകുകയും ഫെബ്രുവരി ആദ്യവാരത്തോട്ടുകൂടി പ്രവൃത്തി ആരംഭിക്കാമെന്ന് ഉറപ്പ് തന്നിട്ടുള്ളതുമാണെന്ന മറുപടിയാണ് ലഭ്യമാക്കിട്ടുള്ളത്. ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 80000/- രൂപ തടസ്സപ്പെടുത്തുന്നു. തുടർ ഗഡുക്കൾ നൽകി ഭവനനിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 15 / 16.1.23

തടസ്സപ്പെടുത്തിയ തുക – 80000/- രൂപ

## 1-29 അധികമായി നൽകിയ സ്കോളർഷിപ്പ് – ചെലവ് തുക നിരാകരിക്കുന്നു

എ. പ്രോജക്റ്റ് നം. 166/22 -അഭ്യുദയം (സ്കോളർഷിപ്പ്) സ്പിൽ ഓവർ
അടങ്കൽ – 100000/- (വികസന ഫണ്ട്-എസ്.സി-പി)
ചെലവ് – 100000/-
നിർവഹണം - അസി. സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള ഈ പദ്ധതി പ്രകാരം അതുല്യ,അതുല്യഭവനം എന്ന വിദ്യാർത്ഥിക്ക് 30000/- രൂപ ബിൽ നം.7/9-8-21 പ്രകാരം സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. മൌണ്ട് ടാബർ ട്രൈയിനിംഗ് കോളേജ് പത്തനാപുരത്ത് ബിഎഡ് കോഴ്സിനു പഠിക്കുന്ന ഈ വിദ്യാർത്ഥിക്കു സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖ.7.2.5 പ്രകാരം നൽകാവുന്ന തുക 15000/- രൂപയാണ്.

ബി. പ്രോജക്റ്റ് നം. 30/22 – അഭ്യുദയം (സ്കോളർഷിപ്പ്)
അടങ്കൽ - 235000/- (വികസന ഫണ്ട്-എസ്.സി-പി)
ചെലവ് - 235000/-
നിർവഹണം – അസി. സെക്രട്ടറി

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക | ബിൽ നം. | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| സംപൂജ. എസ് | ബി.എസ്.സി നഴ്സിംഗ് | 30000 | 17/2.11.21 | 15000 | 15000 |
| അതുല്യ. എ, കെ | ബി.എഡ് | 30000 | 26/10.3.22 | 15000 | 15000 |
| ആകെ | | | | | 30000 |

സ്കോളഷിപ്പ് ഇനത്തിൽ മേൽ രണ്ട് പദ്ധതികളിലുമായി ആകെ അധികം നൽകിയ 45000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സമ്പന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബിരുദത്തിനു ശേഷമുള്ള ഉന്നത പഠനമാണ് ബിഎഡ് എന്ന നിലയിലാണ് തുക നൽകിയത് എന്ന മറുപടിയാണു നൽകിയത്. ഇതു ഓഡിറ്റ് അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം. – 20/16.01.2023
നിരാകരിച്ച തുക – 45000/- രൂപ

## 1-30 മെയിന്റനൻസ് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കുന്നു

റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഭാഗികമായി നിർവഹിക്കുന്നതു മൂലം പൂർണ്ണമായ പ്രയോജനം ലഭിക്കുന്നില്ല. ശോച്യാവസ്ഥയിലുള്ള റോഡ് പുനരുദ്ധരണ പ്രവൃത്തികൾക്ക് വേണ്ട ഫണ്ട് പൂർണ്ണമായും വകയിരുത്താത്തതു മൂലം ഭാഗികമായി ചെയ്യേണ്ടി വരുന്നു. തന്മൂലം പൂർണ്ണമായും റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാതെ ശേഷിക്കുന്നു. പ്രോജക്റ്റ് നം. 54/22 പാമ്പാലിൽ അംഗൻവാടി-തോട്ടത്തിൽ റോഡ് മെയിന്റനൻസ് 80 മീറ്റർ മാത്രമാണ് ചെയ്തിട്ടുള്ളത്. 100 മീറ്റർ നീളമുള്ള ഈ റോഡിൽ അംഗനവാടി നിൽക്കുന്ന ഭാഗം തകർന്ന നിലയിലാണ്. ഈ ഭാഗത്തിന്റെ ശോച്യവസ്ഥ പരിഹരിക്കാൻ പദ്ധതി തയ്യാറാക്കേണ്ടതാണ്. തകർന്നുകിടക്കുന്ന റോഡുകളുടെ അറ്റകുറ്റ പണികൾ പൂർണ്ണമായും നിർവഹിക്കാനവശ്യമായ ഫണ്ടു വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം. 19/22 – ആശ്രയ ഭവന നിർമ്മാണം
അടങ്കൽ - 1200000/-
ചെലവ് - 110000/-

3 ആശ്രയ ഗുണഭോക്താക്കൾക്ക് നാല് ലക്ഷം രൂപ വിതം ധന സഹായം നൽകാൻ വിഭവനം ചെയ്തിരുന്ന മേൽ പ്രോജക്റ്റ് പ്രകാരം 110000രൂപ ( ബിൽ നം.4/16/7/21) ധന സഹായം കൈപറ്റിയ ശ്രീമതി ഗിരിജ (-വാർഡ്-2) നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. അടിസ്ഥാന നിർമ്മാണം പൂർത്തീകരിച്ച ചിത്രം ഫയനിനോടൊപ്പം ഉൾപ്പെടുത്തിയിരുന്നു. തുടന്നുള്ള ഗഡുക്കൾ നല്കിയതായി കാണുന്നില്ല.ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല, വാങ്ങുന്നതിനായി ചെലവഴിച്ച 216019/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്/നമ്പർ | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ലഭിച്ച മരുന്ന് | ലഭിക്കാൻ അവശേഷിക്കുന്ന മരുന്ന് |
|---|---|---|---|---|---|
| 1 | പാലിയേറ്റീവ് പരിചരണ പദ്ധതി 2020-21 162/21-22 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 57420/- (അക്കൗണ്ട് ട്രാൻസ്ഫർ) | ഇല്ല | 57420/- |
| 2 | എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ 2021-22 94/21-22 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 1000000/- (10/21-22, 09.09.21) | 971320/- | 28680/- |
| 3 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ 123/21-22 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 200000/- (3/21-22, 17.06.21) | 70081/- | 129919/- |
| | | | | | ആകെ-216019/- |

വിവിധ പദ്ധതികളിലായി 216019/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു. ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്ന തുക 216019/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. 216019/-രൂപയുടെ മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ- 28/17-1-23

തടസം - 216019/- രൂപ

## 1-33 ഒരേ പ്രവൃത്തി ബ്ളോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും നിർവഹണം

പ്രോജക്റ്റ് നം. 180/22 പൂല്ലുവാല ഓട മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ സൈറ്റ് പരിശോധനയിൽ പ്രസ്തുത പ്രവൃത്തി ചിറ്റുമല ബ്ലോക്ക് പഞ്ചായത്താണെന്ന ശിലാഫലകം കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രവൃത്തിയുടെ അളവുപുസ്തകവും പഞ്ചായത്ത് നിർവഹണം നടത്തിയ പ്രവൃത്തിയുടെ അളവുകളും അസി. എൻജിനീയറുടെ സാന്നിധ്യത്തിൽ അളന്നപ്പോൾ രണ്ടുപ്രവൃത്തിയും നിർവഹണം നടത്തിയതായികണ്ടു. ഈ പ്രവൃത്തിയിൽ വ്യത്യസ്ത റീച്ചുകൾപോലും രേഖപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹിച്ചത്. ഇത്തരം പ്രവണത ഒരേ പ്രവൃത്തിക്കു ഇരട്ടപേയ്മെന്റ് നൽകുന്നതിനുള്ള സാധ്യതകൾ വഴിവയ്ക്കുന്നു. ഒരേ പ്രവൃത്തി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ നിർവഹിക്കുമ്പോൾ സംയുക്ത പ്രോജക്റ്റായി നിർവഹണം നടത്തേണ്ടതാണ്.

## 1-34 തൊഴിലുറപ്പ് പദ്ധതി പൊതു അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള അസി. സെക്രട്ടറി, സെക്രട്ടറി എന്നിവർ തങ്ങളുടെ കർത്തവ്യം ശരിയായ രീതിയിൽ നിർവഹിക്കുന്നില്ല. നോട്ട് ഫയലുകൾ തയ്യാറാക്കാതെയാണ് ബില്ലുകൾ പാസാക്കി നൽകുന്നത്. കണ്ടിജന്റ് ബില്ലുകൾ ബന്ധപ്പെട്ട ഫയലുകളിൽ ഉൾപ്പെടുത്തി കണ്ടില്ല. അളവു പുസ്തകത്തിൽ ഇനങ്ങളും നിരക്കുകളും രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആകെ ചെലവു രേഖപ്പെടുത്തുന്നില്ല. മനുഷ്യദിനങ്ങൾക്കാസ്പദമായ ബിൽ ഭാഗം അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. ഇത്തരത്തിൽ തയ്യാറാക്കുന്ന ബില്ലുകളാണു സെക്രട്ടറി പാസാക്കി നൽകുന്നത്. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയോ, അവരുടെ യോഗ്യത സംബന്ധിച്ച വി.ഇ.ഒയുടെ സാക്ഷ്യപത്രമോ, ഫയലുകളിൽ ഉൾപ്പെടുത്തുന്നില്ല.

വ്യക്തിഗത ആനുകൂല്യങ്ങളായ കാലിത്തൊഴുത്ത്, കോഴിക്കൂട്, കിണർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളുടെ മസ്റ്റർ റോളുകളിൽ ശരിയായി ഹാജർ രേഖപെടുത്തുന്നില്ല. ഹാജർ രേഖപ്പെടുത്താത്ത മസ്റ്റർ റോൾ പ്രകാരവും വേതനം നൽകുന്നു. സ്കിൽഡ് - സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോളിൽ പേരുകൾ രേഖപ്പെടുത്താതെ സൂക്ഷിക്കുന്നു.

മെറ്റീരിൽ പ്രവൃത്തികളിൽ ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബിൽ തുകയിൽ അധികമായി എസ്റ്റിമേറ്റിൽ ഉള്ള നിരക്കു നൽകുന്നു. വേജ് ലിസ്റ്റ്, എഫ്.റ്റി.ഒ എസ്റ്റിമേറ്റ് എന്നിവ ഫയലുകളിൽ ഉൾപ്പെടുത്തുന്നില്ല.

ഉദാ. ഹാജർ രേഖപ്പെടുത്താതെ വേതനം നൽകിയ പ്രവൃത്തികൾ

1. കാലിത്തൊഴുത്ത് നിർമ്മാണം- IF482094 ഗുണഭോക്താവ്- വിജയകുമാർ (മസ്റ്റർ റോൾ-നം. 724&726/25-5-20, 31-5-20)
2. കാലിത്തൊഴുത്ത് നിർമ്മാണം- IF484348 ഗുണഭോക്താവ്- കാർത്തിക (മസ്റ്റർ റോൾ-നം. 612&613/24-8-20, 30-8-20)
3. കാലിത്തൊഴുത്ത് നിർമ്മാണം- IF460970 ഗുണഭോക്താവ്- ദേവകിയമ്മ (മസ്റ്റർ റോൾ-നം. 74,75,76,78)

വിദഗ്ധ - അവിദഗ്ധ വേതനം ഒരേ ദിവസം ഒരേ വ്യക്തിക്കു നൽകിയത്

1. കാലിത്തൊഴുത്ത് നിർമ്മാണം- IF482094 ഗുണഭോക്താവ്- വിജയകുമാർ (മസ്റ്റർ റോൾ-നം. 724&726/25-5-20, 31-5-20)
2. കാലിത്തൊഴുത്ത് നിർമ്മാണം- IF484348 ഗുണഭോക്താവ്- കാർത്തിക (മസ്റ്റർ റോൾ-നം. 612&613/24-8-20, 30-8-20)
3. കിണർ നിർമ്മാണം- IF497569 ഗുണഭോക്താവ്- പ്രീത (മസ്റ്റർ റോൾ-നം. 15876&15878/2-1-21, 8-1-21)

## 1-35 ഹാജർ രേഖപ്പെടുത്താത്ത മസ്റ്റർ റോൾ പ്രകാരം വേതനം. തുക തടസപ്പെടുത്തുന്നു.

ചുവടെചേർത്തിരിക്കുന്ന പ്രവൃത്തികളുടെ. അവിദഗ്ധ - വിദഗ്ധ തൊഴിൽ മസ്റ്റർ റോളുകളിൽ ഹാജർ രേഖപ്പെടുത്താതെ വേതനം നൽകിയിരിക്കുന്നു. ഹാജർ രേഖപ്പെടുത്താതെ നൽകിയ വേതന ചെലവ് 50956/- (36676+14280) രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി വിവരം | മസ്റ്റർ റോൾ നം, പ്രവൃത്തി തീയതി | നൽകിയ തുക | എഫ്.റ്റി.ഒ നം. | തുക |
|---|---|---|---|---|---|
| 1 | കാലിത്തൊഴുത്ത് നിർമ്മാണം IF No. 460970 ഗുണഭോക്താവ് ദേവകിയമ്മ എസ്റ്റിമേറ്റ് തുക - 190280 ചെലവ് – 131387 | 74/19-4-21/20-4-21. | 1900 | 160283/29-6-21 | 23750 |
| | | 75/19-4-21/20-4-21 | 1900 | " | |
| | | 76/21-4-21-27-4-21 | 6650 | " | |
| | | 77/28-4-21-4-5-21 | 6650 | " | |
| | | 78/005-05-21-11-5-21 | 6650 | " | |
| | | 17021/22-2-20-4-3--20 | 562 | 574019/14-2-20 | 562 |
| | | 17022/5-3-20-11-3-20 | 3372 | 634496/8-3-20 | 5058 |
| | | 17023/12-3-20-13-3-20 | 562 | 43654/23-4-21 | 562 |
| | | 17024/27-2-20-04-3-20 | 3372 | 648487/12-3-20 | 5058 |
| | | 17025/5-3-20-11-3-20 | 1124 | 676953/23-3-20 | 1686 |
| | | ആകെ | | | 36676 |
| 2 | കിണർ നിർമ്മാണം IF No. 486474 ഗുണഭോക്താവ് - ലളിതാമ്പിക എസ്റ്റിമേറ്റ് തുക - 85880 | 557,558 | 6720,7560 | 151671/27-7-21 | 14280 |
| | | ആകെ | | | 14280 |

## 1-36 അവിദഗ്ധ വിദഗ്ധ വേതനം ഒരു ദിവസം ഒരേ തൊഴിലാളിക്കു - ചെലവു തുക നിരാകരിക്കുന്നു.

വ്യക്തിഗത നിർമ്മാണ പ്രവൃത്തികളിൽ വിദഗ്ധ - അവിദഗ്ധ ഇനങ്ങളിൽ ഒരേ വ്യക്തി ഒരേ ദിവസം ജോലി ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം നൽകിയിരിക്കുന്നു. ഈയിനത്തിൽ നൽകിയ വിദഗ്ധ വേതന ചെലവു തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

| ക്രമ നം | അവിദഗ്ധതൊഴിൽ ദിനങ്ങൾ | | | | | വിദഗ്ധതൊഴിൽ ദിനങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെവിവരം | മസ്റ്റർറോൾ നം. | തൊഴിലാളിയുടെ പേര് | ജോലി ദിനങ്ങൾ | വേതനം | മസ്റ്റർറോൾ നം. | തൊഴിലാളിയുടെ പേര് | ജോലി ദിനങ്ങൾ | വേതനം |
| 1 | കാലിത്തൊഴുത്ത് നിർമ്മാണം. IF നം. 482094, വിജയകുമാർ, | 724/25-5-20-31-5-20/- | വിജയകുമാർ | 6 | 1806 | 726/25-5-20-31-5-20/- | വിജയകുമാർ | 6 | 5040 |
| | | 725/01-6-20-4-6-20 | | 4 | 1204 | 727/01-6-20-4-6-20 | | 4 | 3360 |
| | | 2549/10-8-21-13-8-21 | | 2 | 602 | 2550/10-8-21-13-8-21 | | 2 | 1680 |
| | | 61/19/4/21-25-4-21 | | 6 | 1806 | 64/19/4/21-25-4-21 | | 6 | 5040 |
| | | | ആകെ | | | | | | 17120 |

ഓഡിറ്റ് എൻക്വയറി നം. 33/18.01.2023

നിരാകരിച്ച തുക – 17120/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് വേതനം നൽകുന്നത് അംഗീകരിക്കുന്നില്ല.

കേരള വാട്ടർ അതോറിറ്റി, പിഎച്ച്. ഡിവിഷൻ, കൊല്ലത്തിന്റെ ഉടമസ്ഥതയിലുള്ള ഗ്രാമപഞ്ചായത്തിലെ 2-വാർഡിലെ പെരുമൺ പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്ററായ ശ്രീ. അനിൽ കുമാറിന് ഗ്രാമപഞ്ചായത്ത് വേതനം നൽകി വരുന്നു. ടിയാൾ ചെയ്യുന്ന ജോലി സമയത്തിന്റെ അടിസ്ഥാനത്തിൽ വേതനം നിശ്ചയിക്കുന്നതും, സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ച് അംഗീകരിക്കുന്നതും അസി.എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റിയാണ്. പമ്പ് ഹൌസിലെ കറണ്ട് ബില്ല് തുക ഒടുക്കുന്നതും, ഗുണഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്നതും കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ആയതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് വേതനം നൽകുന്നത് അംഗീകരിക്കാവുന്നതല്ല. 2021-22 വർഷത്തിൽ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | നൽകിയ വേതനം (രൂപ) | ചെക്ക് നം /തിയതി |
|---|---|---|
| 3/21 | 12994/- | 2835378/12.4.21 |
| 4/21 | 12932/- | 015015/19.5.21 |
| 5/21 | 12870/- | 015036/15.6.21 |
| 6/21 | 12994/- | 015049/19.7.21 |
| 7/21 | 13798/- | 174020/6.8.21 |
| 8/21 | 13365/- | 015350/7.9.21 |
| 9/21 | 12994/- | 4429298/7.10.21 |
| 10/21 | 13241/- | 6318603/5.11.21 |
| 11/21 | 13736/- | 6318614/9.12.21 |
| 12/21 | 14726/- | 016208/7.1.22 |
| 1/22 | 12746/- | 6318625/7.2.22 |
| 2/22 | 12128/- | 013331/16.3.22 |
| | Total-158524/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുഴൽ കിണറിന് സ്ഥലം വിട്ട് കൊടുത്ത ശ്രീ. അനിൽ കുമാറിനെ പമ്പ് ഓപ്പറേറ്ററായി നിയമിച്ചിട്ടുള്ളതും, ടിയാളുടെ വേതനം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി വിസമ്മതിച്ചതിനാൽ 2.1.18-ലെ 2(1)-നമ്പർ പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ് എന്നും വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. 2007 ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന ഏതൊരു നടപടിക്കും, ആ കമ്മിറ്റിയിലെ ഓരോ അംഗവും പ്രസ്തുത തീരുമാനങ്ങൾക്കും നടപടികൾക്കും കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദിയായിരിക്കുന്നതാണ്. ചട്ടം 7(2) പ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് ആവശ്യമായ ഉപദേശം നൽകാൻ ബാധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥൻ മതിയായ കാരണങ്ങളില്ലാതെ അപ്രകാരം ഉപദേശം നൽകാതിരുന്നതുകൊണ്ടോ, തെറ്റായ ഉപദേശം നൽകിയതുകൊണ്ടോ ഉണ്ടായ തെറ്റായ തീരുമാനങ്ങൾക്കും നടപടികൾക്കും കഷ്ടനഷ്ടങ്ങൾക്കും അംഗങ്ങൾക്ക് പുറമേ പ്രസ്തുത ഉദ്യോഗസ്ഥൻകൂടി ഉത്തരവാദിയായിരിക്കുന്നതാണ്. ടി ചട്ടങ്ങൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ ജീവനക്കാരന് 2021-22 വർഷത്തിൽ വേതനമിനത്തിൽ നൽകിയ 158524/-രൂപ തെറ്റായ തീരുമാനം കൈക്കൊണ്ട 02.01.2018 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾക്കും പേയ്മെന്റ് നൽകിയ സെക്രട്ടറിമാരിൽനിന്നും തുല്യമായി ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 16/16.1.23

നിരാകരണം - 158524/- രൂപ

### 3-2 അധികമായി നൽകിയ സ്കോളർഷിപ്പ് - ചെലവ് തുക നിരാകരിക്കുന്നു

എ. പ്രോജക്റ്റ് നം. 166/22 -അഭ്യദയം (സ്കോളർഷിപ്പ്) സ്പിൽ ഓവർ
അടങ്കൽ – 100000/- (വികസന ഫണ്ട്-എസ്.സി-പി)
ചെലവ് – 100000/-
നിർവഹണം – അസി. സെക്രട്ടറി
പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള ഈ പദ്ധതി പ്രകാരം അതുല്യ,അതുല്യഭവനം എന്ന വിദ്യാർത്ഥിക്ക് 30000/- രൂപ ബിൽ നം.7/9-8-21 പ്രകാരം സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. മൌണ്ട് ടാബർ ട്രൈയിനിംഗ് കോളേജ് പത്തനാപുരത്ത് ബിഎഡ് കോഴ്സിനു പഠിക്കുന്ന ഈ വിദ്യാർത്ഥിക്കു സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖ.7.2.5 പ്രകാരം നൽകാവുന്ന തുക 15000/- രൂപയാണ്.

ബി. പ്രോജക്റ്റ് നം. 30/22 – അഭ്യദയം (സ്കോളർഷിപ്പ്)
അടങ്കൽ - 235000/- (വികസന ഫണ്ട്-എസ്.സി-പി)
ചെലവ് - 235000/-
നിർവഹണം – അസി. സെക്രട്ടറി

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക | ബിൽ നം. | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| സംപൂജ. എസ് | ബി.എസ്.സി നഴ്സിംഗ് | 30000 | 17/2.11.21 | 15000 | 15000 |
| അതുല്യ. എ, കെ | ബി.എഡ് | 30000 | 26/10.3.22 | 15000 | 15000 |
| ആകെ | | | | | 30000 |

സ്കോളഷിപ്പ് ഇനത്തിൽ മേൽ രണ്ട് പദ്ധതികളിലുമായി ആകെ അധികം നൽകിയ 45000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സമ്പന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബിരുദത്തിനു ശേഷമുള്ള ഉന്നത പഠനമാണ് ബിഎഡ് എന്ന നിലയിലാണ് തുക നൽകിയത് എന്ന മറുപടിയാണു നൽകിയത്. ഇതു ഓഡിറ്റ് അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം. – 20/16.01.2023
നിരാകരിച്ച തുക – 45000/- രൂപ

## 3-3 ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർക്ക് അധികം വേതനം നൽകിയത് അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അധിനതയിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ അറ്റൻഡർ, കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് വേതനംനൽകുന്നു. കാഷ്വൽ സ്വീപ്പറായ ശ്രീമതി.രാധാമണിക്ക് 6000/- രൂപയും, ജോലി ചെയ്യുന്ന ഓരോ ദിവസവും 150/- രൂപ അധികനിരക്കിലും വേതനം നൽകി വരുന്നു. G.O(P)NO.27/21/FIN,dt.11.2.21 എന്ന സർക്കാർ ഉത്തരവ് പ്രകാരം 1.3.21 മുതൽ കാഷ്വൽ സ്വീപ്പറുടെ വേതനം 8000/-രൂപയാണ്. 2021-22 വർഷത്തിൽ അധികം നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | നൽകിയ വേതനം (രൂപ) | നൽകേണ്ട വേതനം (രൂപ) | അധികംനൽകിയ വേതനം (രൂപ) | ചെക്ക് നം /തിയതി |
|---|---|---|---|---|
| 3/21 | 10050/- | 8000/- | 2050/- | 03850/3.4.21 |
| 4/21 | 9900/- | 8000/- | 1900/- | 2835379/2.5.21 |
| 5/21 | 9100/- | 8000/- | 1100/- | 4725623/1.6.21 |
| 6/21 | 9900/- | 8000/- | 1900/- | 4725633/1.7.21 |
| 7/21 | 10050/- | 8000/- | 2050/- | 4725640/6.8.21 |
| 8/21 | 9900/- | 8000/- | 1900/- | 015340/1.9.21 |
| 9/21 | 9900/- | 8000/- | 1900/- | 4429296/1.10.21 |
| 10/21 | 9450/- | 8000/- | 1450/- | 631860/1.11.21 |
| 11/21 | 9900/- | 8000/- | 1900/- | 6318609/1.12.21 |
| 12/21 | 10050/- | 8000/- | 2050/- | 6318618/1.1.22 |
| 1/22 | 9900/- | 8000/- | 1900/- | 6318624/2.2.22 |
| 2/22 | 9600/- | 8000/- | 1600/- | 061245/4.3.22 |
| | Total- | | 21700/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 09.12.2019 ലെ 43-ാം കമ്മിറ്റി തീരുമാനപ്രകാരം ഹോമിയോ ഡിസ്പെൻസറിയിൽ ഒ.പി. കൌണ്ടർ ആരംഭിക്കുന്നതിനും, താല്ക്കാലിക പി.റ്റി.എസ് ആയ ശ്രീമതി. രാധാമണിക്ക് 150/- രൂപ നിരക്കിൽ അധികവേതനം നൽകി ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തന സമയം 9AM മുതൽ 2PM വരെയാണെന്നിരിക്കെ കാഷ്വൽ സ്വീപ്പറിന്റെയും പ്രവർത്തനസമയം ഇതുതന്നെയായതിനാലും, ഓ.പി.ടിക്കറ്റ് നൽകുന്നത് അറ്റൻഡറുടെ ചുമതലയായതിനാലും കാഷ്വൽ സ്വീപ്പറിന് വേതനമിനത്തിൽ അധികം നൽകിയ 21700/-രൂപയുടെ ചെലവ്

അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 5/16.1.23

നിരാകരണം - 21700/- രൂപ

3-4 തുടർ സാക്ഷരതാ തുല്യതാപഠനം - നിർവ്വഹണം - അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം/പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| ഹെഡ്മിസ്ട്രസ്സ് | 102/22;<br>പത്താംതരം<br>തുല്യതാ പരീക്ഷ | 66600/-;<br>വികസനഫണ്ട് ജനറൽ | 66600/-<br>ബിൽ നം:3/18.11.21 |
| | 108/22; പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ | 79220/-;<br>വികസനഫണ്ട് ജനറൽ | 79220/-;<br>ബിൽ നം:2/18.11.2 |

മേൽ പദ്ധതി പ്രകാരം പത്താതരം തുല്യതാ പഠനത്തിനായി 66600/- രൂപയും പത്രണ്ടാം തരം തുല്യതാ പഠനത്തിനായി 79220/- രൂപയും ചേർത്ത് ആകെ 145820/- രൂപ പഞ്ചായത്തിൽ നിന്ന് സാക്ഷരതാമിഷനിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. തുല്യതാപഠനത്തിന് അപേക്ഷിച്ചവരുടെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I) മറ്റ് പഞ്ചായത്തുകളിൽ നിന്നുള്ള പഠിതാക്കൾ തുല്യതാപഠനത്തിന് രജിസ്റ്റർ ചെയ്തിരിക്കുന്നു.

തുല്യതാപഠനത്തിന് രജിസ്റ്റർ ചെയ്തിരിക്കുന്ന താഴെ പറയുന്ന പഠിതാക്കൾ പനയം ഗ്രാമ പഞ്ചായത്തിൽ ഉള്ളവർ അല്ലെന്ന് രേഖകൾ പ്രകാരം ബോധ്യപ്പെട്ടു. പഠിതാക്കളുടെ പേര് വിവരങ്ങൾ ചുവടെ.

I) പത്താംതരം

1. നിർമല. എസ്, പുത്തൻ വീട്ടിൽ മേലതിൽ, മുക്കട്
2. അനിൽ. സി, പുലിപ്പാറ കിഴക്കേക്കര
3. അംജിത് നിഷ. എ, പുത്തൻ വീട്ടിൽ, പള്ളിമുക്ക്, പി.ഒ, കൊല്ലം
4. അരുൺ. സി, കൊച്ചുവീട്ടിൽ തൊടിയിൽ, കല്ലുംതാഴം, കിളികൊല്ലൂർ, കൊല്ലം
5. ഗിരീഷ്. ജി, കാട്ടിൽ കിഴക്കതിൽ, ചാത്തിനാംകുളം, ചന്ദനത്തോപ്പ്, കൊല്ലം
6. ഷൈജു. എസ്, തെക്കേകോയിപ്പള്ളി വീട്, ചാത്തിനാംകുളം, ചന്ദനത്തോപ്പ്. പി. ഒ, കൊല്ലം
7. ആരതി. പി. എസ്, അതിരഭവൻ, കുറുമണ്ണ, മുഖത്തല. പി. ഒ, കൊല്ലം
8. സന്തോഷ്കുമാർ. ജി, കടയഴികത്ത് പടിഞ്ഞാറ്റതിൽ, കുരീപ്പുഴ, കൊല്ലം
9. രശ്മി. ആർ. ചന്ദ്രൻ, മനു ഭവൻ, കുരീപ്പുഴ, കൊല്ലം

II) പന്ത്രണ്ടാംതരം

1. അശ്വതി. കെ, രാഹുൽ ഭവനം, തൃക്കുന്നപ്പുഴ നോർത്ത്, കാക്കനാട്.പി.ഒ, കൊല്ലം
2. ജിഷ.എസ്.ജയൻ, ജയാ ഭവൻ, മുക്കട്, കൊല്ലം
3. പ്രേമചന്ദ്രൻ, തോട്ടത്തിൽ മേലതിൽ, മുളവന, കുണ്ടറ, കൊല്ലം
4. സലോമി വിൻസന്റ്, കുന്നംതറയിൽ, തൃപ്പെരുംതുറ. പി. ഒ, കൊല്ലം
5. ഷൈലജ. ജെ, ചെറുവാരക്കരവിള വീട്, മറവൂർ, ഈസ്റ്റ് കല്ലട, പി. ഒ, കൊല്ലം
6. സൂസൻ ചാക്കോ, മണിയാനംകുന്നിൽ വീട്, നെടുമ്പായിക്കുളം, കുണ്ടറ, കൊല്ലം
7. സിൽവി. ബി, മുസലുവിള പുത്തൻവീട്, മലയിൽ, കൊല്ലം
8. ജീന രാജ്, ചരുവിൽ കിഴക്കതിൽ, മുളവന, കൊല്ലം
9. സജിത. ജി, സജിതഭവനം, കൊറ്റൻകര, ചന്ദനത്തോപ്പ് പി.ഒ, കൊല്ലം
10. അജിത. എ. ജി, പായിപ്പിൽ വീട്, കിടപ്പുറം, പട്ടംതുരുത്ത്, മൺട്രോതുരുത്ത്
11. മേരി സുമ, തെക്കേ കടവിൽ ഹൗസ്, വെള്ളിമൺ, കൊല്ലം
12. ആരതി. പി. എസ്, അതിരഭവൻ, കുറുമണ്ണ, മുഖത്തല.പി.ഒ, കൊല്ലം
13. റജീന ബീവി. എസ്, പാറയ്ക്കൽ വടക്കതിൽ, കടവൂർ, പെരിനാട്. പി.ഒ, കൊല്ലം
14. സുബിൻ. എസ്, വയലിൽ പുത്തൻവീട്, നീരാവിൽ, പെരിനാട്. പി.ഒ, കൊല്ലം
15. ശ്യാം ഭദ്രൻ, കൊന്നയിൽ തെക്കതിൽ, ചിറയം, ഇഞ്ചവിള പി.ഒ, കൊല്ലം
16. മായ. എച്ച്, മായ ഭവൻ, മുക്കട്, കൊല്ലം

II) കൂടാതെ ഒരേ പഠിതാവ് പത്താംതരം, പന്ത്രണ്ടാംതരം തുല്യതാ പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്തിരിക്കുന്നതായും കാണുന്നു.

ശ്രീമതി ആരതി. പി.എസ്, ആതിര ഭവൻ, കുറുമണ്ണ, മുഖത്തല. പി. ഓ, കൊല്ലം എന്ന പഠിതാവ് ഒരേ സമയം പത്താംതരം തുല്യതാ പരീക്ഷയ്ക്കും (ആപ്ലിക്കേഷൻ നം: 368628/10.02.21), പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയ്ക്കും (ആപ്ലിക്കേഷൻ നം: 322905/12.02.21) രണ്ട് ദിവസത്തെ വ്യത്യാസത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്ന് രേഖകൾ പ്രകാരം ബോധ്യപ്പെട്ടു.

കൂടാതെ മേൽവിലാസം പ്രകാരം പനയം പഞ്ചായത്തിൽ അല്ല എന്ന് ബോധ്യമുള്ളവരുടെ ലിസ്റ്റ് ആണ് മുകളിൽ കൊടുത്തിരിക്കുന്നത്. എന്തെന്നാൽ മറ്റ് പഞ്ചായത്തിൽ ഉള്ളവരുടെ വീട്ടുപേരിനോട് ചേർത്ത് പനയം പഞ്ചായത്തിന്റെ പിൻകോഡ്/പോസ്റ്റ് ഓഫീസ് നൽകിയിരിക്കുന്ന മേൽവിലാസങ്ങളും രജിസ്ട്രേഷൻ രേഖകളിൽ കൊടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ രേഖകളിൽ നൽകിയിരിക്കുന്ന ഫോൺ നമ്പർ മുഖേന ബന്ധപ്പെട്ടപ്പോൾ പഠിതാക്കൾക്കു പകരം മേൽ പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള പ്രേരക്മാർ ആണ് സംസാരിച്ചത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, മേൽ പദ്ധതിയുമായി ബന്ധപ്പെട്ട വിദ്യാർഥികളുടെ ലിസ്റ്റ് മാത്രമാണ് തുക പാസാക്കുന്ന സമയത്ത് പ്രേരകുമാർലഭ്യമാക്കിയതെന്നും, മുൻ വർഷങ്ങളിൽ ഹാജരാക്കിയ രേഖകളിൽ അപാകതകൾ കണ്ടെത്തിയിട്ടില്ലാത്തതിനാലും തൻ വർഷം ഹാജരാക്കിയ പഠിതാക്കളുടെ വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തിയിരുന്നില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കിയത്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പത്താംതരത്തിന്റെ ചെലവ് 11400/- രൂപയും പന്ത്രണ്ടാംതരം ചെലവ് 29000/- രൂപയും ചേർത്ത് 40400/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ പദ്ധതി നിർവഹണ അധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 29/17.1.23

നിരാകരിക്കുന്ന തുക – 40400/- രൂപ

## 3-5 അവിദഗ്ദ വിദഗ്ദ വേതനം ഒരു ദിവസം ഒരേ തൊഴിലാളിക്കു - ചെലവു തുക നിരാകരിക്കുന്നു.

വ്യക്തിഗത നിർമ്മാണ പ്രവൃത്തികളിൽ വിദഗ്ധ - അവിദഗ്ധ ഇനങ്ങളിൽ ഒരേ വ്യക്തി ഒരേ ദിവസം ജോലി ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം നൽകിയിരിക്കുന്നു. ഈയിനത്തിൽ നൽകിയ വിദഗ്ധ വേതന ചെലവു തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

| ക്രമ നം | അവിദഗ്ധതൊഴിൽ ദിനങ്ങൾ | | | | | വിദഗ്ധതൊഴിൽ ദിനങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെവിവരം | മസ്റ്റർറോൾ നം. | തൊഴിലാളിയുടെ പേര് | ജോലി ദിനങ്ങൾ | വേതനം | മസ്റ്റർറോൾ നം. | തൊഴിലാളിയുടെ പേര് | ജോലി ദിനങ്ങൾ | വേതനം |
| 1 | കാലിത്തൊഴുത്ത് നിർമ്മാണം. IF നം. 482094, വിജയകമാർ, | 724/25-5-20-31-5-20/- | വിജയകമാർ | 6 | 1806 | 726/25-5-20-31-5-20/- | വിജയകമാർ | 6 | 5040 |
| | | 725/01-6-20-4-6-20 | | 4 | 1204 | 727/01-6-20-4-6-20 | | 4 | 3360 |
| | | 2549/10-8-21-13-8-21 | | 2 | 602 | 2550/10-8-21-13-8-21 | | 2 | 1680 |
| | | 61/19/4/21-25-4-21 | | 6 | 1806 | 64/19/4/21-25-4-21 | | 6 | 5040 |
| | | | ആകെ | | | | | | 17120 |

ഓഡിറ്റ് എൻക്വയറി നം. 33/18.01.2023

നിരാകരിച്ച തുക – 17120/- രൂപ

## 3-6 ബയോ കമ്പോസ്റ്റ് ബിൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2021-22 വർഷത്തിൽ വി.ഇ.ഒ (പനയം സർക്കിൾ-1) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിൽ വരുത്തിയ പദ്ധതിയാണ് ബയോ കമ്പോസ്റ്റ് ബിൻ പദ്ധതി. 1120 ഗുണഭോക്താക്കൾക്ക് 1800/- രൂപ നിരക്കിൽ 2016000/- രൂപ ചെലവഴിക്കുന്നതാണ് ടി പദ്ധതി.

പ്രോജക്ട് നം - S0137/22

അടങ്കൽ തുക – 2016000/- രൂപ

ഗുണഭോക്തൃവിഹിതം - 201600/- രൂപ

ചെലവ് തുക - 1814400/- രൂപ

ഐ.ആർ.ടി.സിക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ .

| ക്രമനം | തുക(രൂപ) | ചെക്ക് /ബിൽ നം |
|---|---|---|
| 1. | 356400/-(കേന്ദ്രാവിഷ്കൃത പരിപാടി) | 873706/31.3.22 |
| 2. | 400000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 12/5.1.22 |
| 3. | 435200/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 19/21.1.22 |
| 4. | 622800/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 22/15.2.22 |
| | 1814400/- | |

ബയോ കമ്പോസ്റ്റ് ബിൻ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ .

| ഇൻവോയ്സ് നം | എണ്ണം | നിരക്ക് (ഉൾപ്പെടെ) | ആകെതുക(രൂപ) |
|---|---|---|---|
| B2B179/12.1.22 | 1120 | 1800/- | 2016000/- |

അപാകതകൾ

1) ഗുണഭോക്താക്കളുടെ ആവശ്യകത കണ്ടെത്തി ഗുണഭോക്തൃവിഹിതം ഈടാക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ്, കേന്ദ്രാവിഷ്കൃത ഗ്രാന്റ്, എന്നിവയിനത്തിൽ 1814400/- രൂപ ഐ.ആർ.ടി.സിക്ക് നൽകി. ഗുണഭോക്തൃവിഹിതമിനത്തിലുള്ള 2016200/- രൂപ ഐ.ആർ.ടി.സിയിൽ ഒടുക്കാതെ, ടി സ്ഥാപനം ബയോബിന്നുകൾ ഗ്രാമപഞ്ചായത്തിന് നൽകി.

2) ബയോ കമ്പോസ്റ്റ് ബിൻ വാങ്ങിയവർ ഗുണഭോക്തൃവിഹിതം നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ 1094 പേർ മാത്രമേ ബയോ കമ്പോസ്റ്റ് ബിൻ നാളിതുവരെ വാങ്ങിയിട്ടുള്ളു. ശേഷിക്കുന്ന 26 എണ്ണം ബയോ കമ്പോസ്റ്റ് ബിൻ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വിഭാഗം നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

3) ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയോ, ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബയോ കമ്പോസ്റ്റ് ബിൻ പദ്ധതിക്ക് ഗ്രാമസഭയിൽ നിന്നും പര്യാപ്തമായ അപേക്ഷകൾ ലഭിച്ചിരുന്നില്ലെന്നും, ധനകാര്യ കമ്മീഷൻ ഗ്രാന്റ് വർഷാവസാനം ലഭിച്ചിരുന്നതിനാലും ഗുണഭോക്താക്കളെ കാലേകൂട്ടി കണ്ടെത്താനും ഗുണഭോക്തൃവിഹിതം ഈടാക്കാനും കഴിഞ്ഞിരുന്നില്ല. ഹരിതകർമ്മ സേനയെ ഉപയോഗിച്ച് കണ്ടെത്തിയ 1094 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റ് ബിൻ നൽകിയ നടപടി 21.12.22ലെ 50(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതും, അടുത്ത ഗ്രാമസഭയോഗത്തിൽ ടി തീരുമാനത്തിന് അംഗീകാരം വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും കുറവ് വന്ന ബയോ കമ്പോസ്റ്റ് ബിൻ ഉടൻതന്നെ ലഭ്യമാക്കാമെന്ന ഐ.ആർ.ടി.സിയുടെ ഇ-മെയിൽ സന്ദേശം ലഭിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഐ.ആർ.ടി.സിയുടെ ഇ-മെയിൽ സന്ദേശത്തിൽ കേടുപാടുവന്ന ബയോ കമ്പോസ്റ്റ് ബിന്നിന്റെ എണ്ണം സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ലഭ്യമാക്കാനുള്ളതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഭൌതിക പരിശോധനയിൽ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതം കിഴിച്ചുള്ള 26 ബയോ കമ്പോസ്റ്റ് ബിൻ വാങ്ങിയ ഇനത്തിലുള്ള 42120/- രൂപ (1620 X 26) നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 1120 ബയോ കമ്പോസ്റ്റ് ബിൻ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങളും, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറിനം. 7/16.1.23

നിരാകരിച്ച തുക – 42120/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 11.01.22 | കെ.എസ്.എ.കെ.എൽ.എം.പി.4/224/23<br>തീയതി – 04.04.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000/- | പാലിയേറ്റീവ് കെയർ | 150000/- | |
| “ | “ | 49480/- | പാലിയേറ്റീവ് കെയർ | 49480/- | |
| “ | “ | 600000/- | ലൈഫ് ഭവന നിർമാണം | 600000/- | |
| “ | “ | 100000/- | അംഗൻവാടി പോഷകാഹാര പദ്ധതി | 100000/- | |
| “ | “ | 100000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000/- | |
| “ | “ | 60000/- | ലൈഫ് ഭവന നിർമാണം (ഫേസ് 2) | 60000/- | |
| “ | “ | 778909/- | ബഡ്സ് | 778909/- | |
| ജില്ലാ പഞ്ചായത്ത് | “ | 1200000/- | ലൈഫ് മിഷൻ മൂന്നാം ഘട്ടം | 1200000/- | |
| “ | “ | 150000/- | അംഗൻവാടി പോഷകാഹാര പദ്ധതി | 150000/- | |
| “ | “ | 80000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 80000/- | |
| “ | “ | 45000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 45000/- | |
| “ | “ | 14829/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 14829/- | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| PWD | 135/21-22 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-ഹോമിയോ ഡിസ്പെൻസറി-റീവയറിംഗ് | 22100708 | 227300/- | 227300/- | - |
| PWD | 202/21-22 പഞ്ചായത്ത് ഹാളിലേക്ക് വയറിംഗും നെറ്റ് വർക്കിംഗും | 22101185 | 320000/- | 320000/- | - |
| PWD | 283/21-22 ഇൻസനറേറ്ററുകൾക്ക് ഇലക്ട്രിഫിക്കേഷൻ | 22101197 | 79,000/- | 79,000/- | - |
| KWA | 238/21-22 ട്യൂബ് വെൽ മെയിന്റനൻസ് | 2210880 | 60000/- | 60000/- | - |
| KWA | ട്യൂബ് വെൽ നിർമാണം | 22100877 | 703756/- | 703756/- | - |
| KWA | 233/21-22 14ാം വാർഡിൽ ട്യൂബ് വെ ൽ നിർമ്മാണം | E-gram Swaraj | 1435244/- | 1435244/- | - |
| | | 22101154 | 32756/- | 32756/- | - |
| KWA | 282/21-22 സ്ട്രീറ്റ് ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനുള്ള തുക | 22101184 | 454000/- | 454000/- | - |
| KWA | 233/21-22 14ാം വാർഡിൽ ട്യൂബ് വെ ൽ നിർമ്മാണം | 22101183 | 96244/- | 96244/- | - |
| KSEB | 129/22 പോസ്റ്റ് ഷിഫ്റ്റിംഗ് | 22100516 | 17724/- | 17724/- | - |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22100519 | 884309/- | 884309/- | - |
| KSEB | 125/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22100531 | 101008/- | 101008/- | - |
| KSEB | 129/22 പോസ്റ്റ് ഷിഫ്റ്റിംഗ് | 22100732 | 15610/- | 15610/- | - |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 22100873 | 11225/- | 11225/- | - |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 22100874 | 46252/- | 46252/- | - |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 22100881 | 11900/- | 11900/- | - |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 22101220 | 99991/- | 99991/- | - |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22101221 | 72528/- | 72528/- | - |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22101225 | 5900/- | 5900/- | - |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 22100498 | 59834/- | 59834/- | - |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 22100497 | 19845/- | 19845/- | - |
| KSEB | ഇലക്ട്രിഫിക്കേഷൻ | 22100982 | 47495/- | 47495/- | - |
| KSEB | തെരുവ് വിളക്ക് വൈദ്യുതീകരണം | 22101020 | 28487/- | 28487/- | - |
| KSEB | തെരുവ് വിളക്ക് വൈദ്യുതീകരണം | 22101001 | 28214/- | 28214/- | - |
| KSEB | 129/22 പോസ്റ്റ് ഷിഫ്റ്റിംഗ് | 22101257 | 15772/- | 15772/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3360000/-രൂപ വരവുണ്ട്. മുൻബാക്കി 25313/- രൂപയടക്കം 3385313/-രൂപയിൽ 1180000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO LOAN | | 3360000/- | 11406688/- | 1525333/- | | 13241355/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8806/- Part Payment | ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി |
| | | 8806/- Part Payment | ശ്രീ. ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| | | 8807/- Part Payment | അഡ്വ. കെ. വി. ജയകൃഷ്ണൻ, വാർഡ്-1 |
| | | 8807/- Part Payment | ശ്രീമതി ഷീല, വാർഡ്-2 |
| | | 8807/- Part Payment | ശ്രീ. പി. വിജയാനന്ദൻ, വാർഡ്-3 |
| | | 8807/- Part Payment | ശ്രീമതി എം. ആർ. ശ്രീകല, വാർഡ്-4 |
| | | 8807/- Part Payment | ശ്രീ. ജി. രാധാകൃഷ്ണപിള്ള, വാർഡ്-5 |
| | | 8807/- Part Payment | ശ്രീമതി സുനിത. എസ്, വാർഡ്-6 |
| | | 8807/- Part Payment | ശ്രീ. വൈ. റഹീം, വാർഡ്-7 |
| | | 8807/- Part Payment | ശ്രീ. ജെ. മോഹനൻപിള്ള, വാർഡ്-8 |
| | | 8807/- Part Payment | ശ്രീമതി പ്രസന്നകുമാരി. എൽ, വാർഡ്-9 |
| | | 8807/- Part Payment | ശ്രീ. അനുമോൻ. കെ, വാർഡ്-10 |

| | | | |
|---|---|---|---|
| | | 8807/- Part Payment | ശ്രീമതി കെ. ഷീല, വാർഡ്-11 |
| | | 8807/- Part Payment | ശ്രീ. ബേബി. പി, വാർഡ്-12 |
| | | 8807/- Part Payment | ശ്രീമതി ചിഞ്ചു. ബി, വാർഡ്-13 |
| | | 8807/- Part Payment | ശ്രീമതി രതിയമ്മാൾ, വാർഡ്-14 |
| | | 8807/- Part Payment | ശ്രീ. ബി. ഷാജി, വാർഡ്-15 |
| | | 8807/- Part Payment | ശ്രീ. പനയം സജീവ്, വാർഡ്-16 |
| 3-2 | | 45000/- | ശ്രീമതി. വി. ജെ. അന്നമ്മ, അസി. സെക്രട്ടറി |
| 3-3 | | 5050/- | ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി |
| | | 1900/- | ശ്രീ. ജയ് മോഹൻ, സെക്രട്ടറി |
| | | 14750/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 3-4 | | 40400/- | ശ്രീമതി സീന. എസ്, ഹെഡ്മിസ്ട്രസ്സ് |
| 3-5 | | 17120/- | ശ്രീമതി. സബീന. എം, അക്രഡിറ്റഡ്എൻജിനീയർ, എം.എൻ.ആർ.ഇ.ജി.എസ് |
| 3-6 | | 42120/- | ശ്രീ. പ്രീത് കുമാർ, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 54,58,460/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-19 | 375000/- | ഡോ. ബിന്ദു. എം, വെറ്റിനറി സർജൻ |
| 1-24 | 3870/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-25 | 71500/- | ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി |
| 1-26 | 3000/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-28 | 40000/- | ശ്രീ. പ്രീത് കുമാർ, വി.ഇ.ഒ |
| | 40000/- | ശ്രീമതി സ്റ്റെഫി. എ, വി.ഇ.ഒ |
| 1-32 | 216019/- | ഡോ. രജനി, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | സുനീഷ് ഭവൻ, പെരുമൺ. പി.ഒ, കൊല്ലം |
| ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി | സെക്രട്ടറി, പനയം ഗ്രാമപഞ്ചായത്ത് | താന്നിക്കൽ ഹൌസ്, പുന്നപ്ര. പി.ഒ, ആലപ്പുഴ |
| ശ്രീ. ജയ് മോഹൻ, സെക്രട്ടറി | സെക്രട്ടറി, തൃക്കരുവ ഗ്രാമപഞ്ചായത്ത് | ഡെഹേൽ, തിരുമുല്ലാവാരം. പി. ഒ, കൊല്ലം |
| ശ്രീ. പ്രീത് കുമാർ, വി.ഇ.ഒ | വി.ഇ.ഒ, പനയം ഗ്രാമപഞ്ചായത്ത് | പ്രസാദം, കുപ്പണ, പെരിനാട് പി.ഒ. |
| ശ്രീ. സ്റ്റെഫി. എ, വി.ഇ.ഒ | വി.ഇ.ഒ, പനയം ഗ്രാമപഞ്ചായത്ത് | മൂലേവിള, കിഴക്കേ ഇറക്കം, മാലിഭാഗം, ചവറ സൌത്ത്. പി.ഒ. |

| | | |
|---|---|---|
| ഡോ. ബിനു. എം,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>വെറ്റിനറി ഹോസ്പിറ്റൽ,<br>ശക്തികുളങ്ങര | തോട്ടിൻമുഖത്ത്, പടിഞ്ഞാറ്റതിൽ,<br>മങ്ങാട്. പി.ഒ, കൊല്ലം |
| ഡോ. രജനി,<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി, പെരുമൺ | പുത്തൻപുരയിൽ വീട്, കേരളപുരം,<br>വെള്ളിമൺ. പി. ഒ, കൊല്ലം |
| ശ്രീ. വിഷ്ണു. ആർ. എസ്,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | കെ.പി.എസ്.സി,<br>ഹെഡ് ഓഫീസ്, തിരുവനന്തപുരം | അമ്പലത്തറ പടിഞ്ഞാറ്റതിൽ,<br>നീരാവിൽ, പെരിനാട്.. പി. ഒ, കൊല്ലം |
| ശ്രീമതി. വി.ജെ. അന്നമ്മ,<br>അസി. സെക്രട്ടറി | വിരമിച്ചു | ബേസിൽ ഭവൻ,<br>മുളവന. പി. ഒ, പേരയം, കൊല്ലം |
| അഡ്വ. കെ. വി. ജയകൃഷ്ണൻ, വാർഡ്-1 | | കണക്കിലഴികത്ത്,<br>പെരുമൺ പി. ഒ. |
| ശ്രീമതി ഷീല, വാർഡ്-2 | | എളങ്ങള്ളൂർ വിള,<br>പെരുമൺ പി. ഒ. |
| ശ്രീ. പി. വിജയാനന്ദൻ, വാർഡ്-3 | | കായൽവാരത്ത്,<br>പനയം പി.ഒ. |
| ശ്രീമതി എം. ആർ. ശ്രീകല, വാർഡ്-4 | | സരസ്സ്, പനയം പി.ഒ. |
| ശ്രീ. ജി. രാധാകൃഷ്ണപിള്ള, വാർഡ്-5 | | വാഴോട്ട് മേലതിൽ,<br>ചെമ്മക്കാട് പി.ഒ. |
| ശ്രീമതി സുനിത. എസ്, വാർഡ്-6 | | ചൈത്രം, ചാറുകാട്,<br>ചെമ്മക്കാട് പി.ഒ. |
| ശ്രീ. വൈ. റഹീം, വാർഡ്-7 | | സജീർ മൻസിൽ,<br>ചാത്തിനാംകുളം, ചന്ദനത്തോപ്പ് പി.ഒ. |
| ശ്രീ. ജെ. മോഹനൻപിള്ള, വാർഡ്-8 | | ദേവദർശനം,<br>ചാത്തിനാംകുളം, ചന്ദനത്തോപ്പ് പി.ഒ. |
| ശ്രീമതി പ്രസന്നകുമാരി. എൽ,<br>വാർഡ്-9 | | മനീഷ് ഭവനം,<br>പാമ്പാലിൽ, പെരിനാട് പി.ഒ. |
| ശ്രീ. അനുമോൻ. കെ, വാർഡ്-10 | | മൂന്നാം തെക്കതിൽ,<br>കണ്ടച്ചിറ, പെരിനാട് പി.ഒ. |
| ശ്രീമതി കെ. ഷീല, വാർഡ്-11 | | ശ്രീവിലാസം, പനയം പി.ഒ. |
| ശ്രീ. ബേബി. പി, വാർഡ്-12 | | അശ്വതി ഭവൻ,<br>ചോനാംചിറ, പെരിനാട് പി.ഒ. |
| ശ്രീമതി ചിഞ്ചു. ബി, വാർഡ്-13 | | പോക്കാന്റയ്യത്തുവീട്,<br>അമ്പലവയലിൽ, പെരിനാട് പി.ഒ. |
| ശ്രീമതി രതിയമ്മാൾ, വാർഡ്-14 | | വിഷ്ണു ഭവനം, പനയം പി.ഒ. |
| ശ്രീ. ബി. ഷാജി, വാർഡ്-15 | | കൊച്ചുവിള പുത്തൻവീട്, പനയം പി.ഒ. |
| ശ്രീ. പനയം സജീവ്, വാർഡ്-16 | | സജീവ് ഭവൻ, ചിറ്റയം, ഇഞ്ചവിള<br>പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽഎം. പി4-366/2018/28-02-2018 | 4 |
| 2003-04 & 2004-05 | കെ.എസ്.എ.കെ.എൽഎം. പി4-588/2018/12.04.2018 | 1 |
| 2006-07 | കെ.എസ് . എ-കെ.എൽ.എം- പി4-777(1)/19/.06.19 | 1 |
| 2007-08 | കെ.എസ് . എ-കെ.എൽ.എം- പി4-777(2)/19/7.06.19 | 3 |
| 2008-09 | കെ.എസ് . എ-കെ.എൽ.എം- പി4-777(3)/19/7.06.19 | 4 |
| 2009-10 | കെ.എസ് . എ-കെ.എൽ.എം- പി4-777(4)/19/7.06.19 | 4 |

| | | |
|---|---|---|
| 2010-11 | കെ.എസ് . എ-കെ.എൽ.എം- പി4-777(5)/19/7.06.19 | 5 |
| 2011-12 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/11-12/755/22 / 20.08.22 | 1 |
| 2012-13 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/12-13/755/22 / 20.08.22 | 7 |
| 2013-14 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/13-14/755/22 / 20.08.22 | 14 |
| 2014-15 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/14-15/755/22 / 20.08.22 | 12 |
| 2015-16 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/15-16/755/22 / 20.08.22 | 12 |
| 2016-17 | കെ.എസ്എ.കെഎൽ എം.പി4-1073/17/24.04.2018 | 10 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4-1393/2018/07.12.2018 | 31 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി4-995/2019/07.08.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി4-506/2021/17.03.21 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി4-1057/22/26.07.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്